# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം ജൂലൈ 2019 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്

വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ

വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ



ദൈവപുത്രന്റെ അമ്മയായതുവഴി

ദൈവത്തിന്റെ കൂടാരമായിത്തീർന്ന

പരിശുദ്ധ അമ്മേ,

അമ്മയെപ്പോലെ ഈ ലോകത്തിൽ

ദൈവസാന്നിദ്ധ്യത്തിന്റെ അടയാളങ്ങളായി

നിലനില്ക്കുവാനും സഭാഗാത്രത്തെ

പടുത്തുയർത്തുവാനും ആവശ്യമായ

കൃപാവരങ്ങൾ ഞങ്ങൾക്കായി

നീ യാചിക്കണമേ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം കൈത്താ ജൂലൈ 2019

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ഫലം ചൂടിനില്ക്കുന്ന സഭ 5
- സഭ: മിശിഹായിൽ സമാധാനം കണ്ടെത്തുന്ന സമൂഹം 8
- ലോത്ത് 10
- മഹത്ത്വപൂർണ്ണയായ പരിശുദ്ധ മറിയം 12
- എല്ലാം എന്റെ ഈശോയ്ക്കായി 16
- കാവലാൾ 18
- മിശിഹാസ്നേഹവും സഭാവിരോധവും 20
- അമ്മേ പ്രണാമം 22
- കൈകൾ കോർത്തു മുന്നേറാം 23
- സെനക്കിൾ തരംഗം 25
- അനീതി താണ്ഡവമാടുമ്പോൾ 26
- നിറയെ ഫലമേകാം 28
- എന്റെ കുമ്പസാരാനുഭവം 30
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# സഭ ദൈവത്തിന്റേത്

**ചെ**ന്നെത്തിയ ദേശങ്ങളിലെല്ലാം തങ്ങൾക്കു ലഭിച്ച മിശിഹാനുഭവം (1 യോഹ 1,1-4) പരിശുദ്ധാത്മശക്തിയാൽ പങ്കുവച്ച ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും പ്രവർത്തനഫലമായി തിരുസ്സഭ പടർന്നുപന്തലിച്ചു. ഫലംചൂടിനില്ക്കുന്ന തിരുസ്സഭയെ ധ്യാനിക്കുന്ന കൈത്താകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ.

സമീപകാലത്തുണ്ടായ ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പശ്ചാത്തലത്തിൽ, സഭയെ മുഴുവൻ പ്രതിക്കൂട്ടിൽനിർത്തി വിസ്തരിക്കുന്നതിൽ ക്രൈസ്തവനാമധാരികളുമുണ്ട് എന്നതിൽ ഖേദിക്കേണ്ടിയിരിക്കുന്നു. നേതൃസ്ഥാനം വഹിക്കുന്നവരോ പുരോഹിതരോ സന്യസ്തരോ മാത്രമുൾക്കൊള്ളുന്ന ഒരു സംവിധാനമല്ല സഭ. നാമോരോരുത്തരുമാകുന്ന ദൈവമക്കളുടെ ഒരു കുടുംബമാണ് സഭ - പരിശുദ്ധനായ ദൈവത്തിന്റെ കുടുംബം; പരിശുദ്ധനും ദൈവപുത്രനുമായ ഈശോമിശിഹായോടുള്ള ഐക്യത്തിൽ ഒന്നായ വിശുദ്ധരായ ദൈവമക്കളുടെ കുടുംബം; അതോടൊപ്പം പാപികളും വിശുദ്ധരാകാൻ ശ്രമിക്കുന്നവരുമായവരുടെ കുടുംബം... നാമോരോരുത്തരുടെയും കുറവുകൾ സഭയുടെ കുറവുകളാണ്; നാമോരോരുത്തരുടെയും നേട്ടങ്ങൾ സഭയുടെ നേട്ടങ്ങളാണ്.

സഭയുടെ ചൈതന്യത്തിനുചേരാത്ത പ്രവർത്തനങ്ങൾ ആരിൽനിന്നുണ്ടായാലും അത് തീർച്ചയായും ഒഴിവാക്കപ്പെടേണ്ടതുതന്നെയാണ്. ചില സംഭവങ്ങളുടെ പേരിൽ സഭയുടെ അസ്തിത്വത്തെത്തന്നെ ചോദ്യം ചെയ്യുന്നവരുണ്ട്. എന്നാൽ ലോകാന്ത്യത്തോളം സഭ നിലനില്ക്കും. പാപികളായ മനുഷ്യരും മനുഷ്യസംവിധാനങ്ങളുമുണ്ടെങ്കിലും സഭ തകരില്ല. കാരണം സഭ ദൈവത്തിന്റേതാണ്. സഭയുടെ മൂലക്കല്ല് മിശിഹായാണ് (1 പത്രോ 2,6-7); സഭയുടെ അടിത്തറ ശ്ലീഹന്മാരും പ്രവാചകന്മാരുമാണ് (എഫേ 2,20). അനേകം രക്തസാക്ഷികളും വിശുദ്ധരും ചുടുനിണമൊഴുക്കി വളർത്തിയ സഭയെ നശിപ്പിക്കാൻ തിന്മയുടെ ശക്തികൾക്കാവില്ല. "നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല" (മത്താ 16,18) എന്ന ഗുരുമൊഴി നമുക്കോർക്കാം. ധാരാളം പ്രതിസന്ധികൾ തരണംചെയ്താണ് രണ്ടായിരത്തിൽപരം വർഷങ്ങൾക്കുശേഷവും സഭ നിലനില്ക്കുന്നത് എന്നതും നമുക്കോർക്കാം. സാക്ഷ്യക്കുറവും വിശ്വാസക്കുറവും വിമർശനങ്ങളും കുറ്റപ്പെടുത്തലുകളുമാകുന്ന പ്രതിസന്ധികൾക്കിടയിലും സഭാതരു വളർന്നു പുഷ്പിക്കും. സഭാമക്കളെന്ന നിലയിൽ അതിനനുസൃതമായ ജീവിതം നയിക്കാൻ സ്വർഗാരോപിതയായ പരിശുദ്ധ അമ്മയോട് നമുക്ക് മാധ്യസ്ഥ്യം യാചിക്കാം.

*ഏവർക്കും സ്വർഗാരോപണത്തിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ!*

ചീഫ് എഡിറ്റർ





# ഫലം ചൂടിനില്ക്കുന്ന സഭ

റവ. ഡോ. ജോസഫ് മുത്തനാട്ട്
പാലാ രൂപത

**ദൈ**വത്തിന്റെ മലയായ സീയോനിൽ നട്ട ദേവദാരുവൃക്ഷം ശാഖകൾ വീശി പടർന്നു പന്തലിച്ച് ഫലങ്ങൾ പുറപ്പെടുവിച്ചു നില്ക്കുന്നത് എസക്കിയേൽ പ്രവാചകൻ വിവരിക്കുന്നുണ്ട്: "ഇസ്രായേലിലെ പർവ്വതശൃംഗത്തിൽത്തന്നെ ഞാൻ അതു നടും. അത് ശാഖകൾ വീശി ഫലങ്ങൾ പുറപ്പെടുവിക്കുകയും ഒരു വലിയ ദേവദാരുവായിത്തീരുകയും ചെയ്യും" (എസ 17,23). ദൈവത്തിന്റെ സഭ വളർന്നു പന്തലിച്ച് ഫലം ചൂടിനില്ക്കുന്നതിന്റെ പൂർവ്വരൂപമാണ് ഈ ദേവദാരു. കൈത്താക്കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നതും വളർന്നു പന്തലിച്ചു ഫലംചൂടി നില്ക്കുന്ന സഭയെയാണല്ലോ. ദൈവം തന്റെ സഭയിൽനിന്ന് ഫലം കാത്തിരിക്കുന്നു. ദൈവം പ്രതീക്ഷിക്കുന്ന ഫലം പുറപ്പെടുവിക്കുവാൻ വിളിക്കപ്പെടുകയും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തവരാണ് സഭാംഗങ്ങളേവരും. ദൈവത്തിന്റെ വിശുദ്ധജനമായി സഭ നിലകൊള്ളുന്നു. ദൈവജനം ഈശോയിൽ വസിച്ച്, ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുമ്പോഴാണ് സഭയും കർത്താവിൽ വളരുന്നതും, വളർത്തുന്നതും. യഥാർത്ഥ സഭാമക്കളായി ജീവിക്കുവാനും സഭയുടെ വളർച്ചയ്ക്കുവേണ്ടി പ്രാർത്ഥനാപൂർവ്വം യത്നിക്കുവാനും ഈ കൈത്താക്കാലത്ത് നമുക്കിടയാവണം.

**സഭ: ദൈവത്തിന്റെ വിശുദ്ധജനം**

സഭ എന്ന രഹസ്യത്തെ വിശദീകരിക്കുവാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് വിശുദ്ധഗ്രന്ഥത്തിലെ പല പ്രതീകങ്ങളും ഉപയോഗിക്കുന്നുണ്ട്. അവയിൽ പ്രാധാന്യമർഹിക്കുന്നത് 'സഭ ദൈവത്തിന്റെ ജനം' എന്ന പ്രതീകമാണ്. പഴയനിയമത്തിൽ ദൈവം പ്രത്യേകം തിരഞ്ഞെടുത്ത ഇസ്രായേൽജനത്തെപ്പോലെ, പുതിയ നിയമത്തിൽ മിശിഹായാൽ തിരഞ്ഞെടുക്കപ്പെട്ട 'പുതിയ ഇസ്രായേൽ' ആണ് സഭ. 'സഭ ദൈവജനം' എന്നു പറയുമ്പോൾ അത് ഒരു വിളിയാണ്; തിരഞ്ഞെടുപ്പാണ്. സഭാംഗങ്ങളുടെ ഈ തിരഞ്ഞെടുപ്പും വിളിയും സഭയെ കൂട്ടായ്മയാക്കി മാറ്റുന്നു. സഭ ദൈവത്തിന്റെ സ്വന്തം ജനമാണ്; വാഗ്ദാനങ്ങളിൽ പ്രത്യാശയർപ്പിക്കുന്ന ജനമാണ്; കർത്താവു വാഗ്ദാനം ചെയ്തിരിക്കുന്ന ദേശത്തു പ്രവേശിക്കാനുള്ള യാത്രയിലായിരിക്കുന്ന ജനമാണ്.

ദൈവം തനിക്കുവേണ്ടി തിരഞ്ഞെടുക്കുകയും വേർതിരിക്കുകയും ചെയ്ത ജന

മെന്ന നിലയിൽ, സഭ ഒരു വിശുദ്ധജനമാണ്. 'വേർതിരിക്കൽ' വിശുദ്ധീകരണത്തിന്റെ പ്രതീകമാണല്ലോ. ഇപ്രകാരം വേർതിരിക്കപ്പെട്ട ജനം മിശിഹായുടെ ചുറ്റും ഒന്നിച്ചുകൂടുകമാത്രമല്ല അവിടുത്തെ ശരീരവുമായി ഐക്യപ്പെട്ടിരിക്കുന്നു (CCC 789). പാപങ്ങളിൽനിന്ന് മിശിഹാ തന്റെ രക്തത്തിലൂടെ സഭയെ കഴുകി വിശുദ്ധീകരിച്ചു. അവളെ തന്റെ നിർമ്മലവധുവായി സ്നേഹിക്കുന്നു (CCC 823). വിശുദ്ധീകരിക്കുന്നതിനായി ഈശോ സ്ഥാപിച്ച കൂദാശകൾവഴി സഭാംഗങ്ങൾ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

'ജനതകളുടെ പ്രകാശ'മെന്ന തിരുസ്സഭയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ ഇങ്ങനെ പഠിപ്പിക്കുന്നു: "മനുഷ്യനും ദൈവവും തമ്മിലുള്ള ഗാഢമായ ഐക്യത്തിന്റെയും, മനുഷ്യൻ തമ്മിൽത്തമ്മിലുള്ള ഐക്യത്തിന്റെയും കൂദാശയും ഉപകരണവുമാണ് സഭ" (LG 1). സഭയിൽ യാഥാർത്ഥ്യമാകുന്ന കൂട്ടായ്മയുടെ തിരശ്ചീന-ലംബമാനങ്ങളാണിവ. ദൈവവുമായി കൂട്ടായ്മയിലായിരിക്കുന്ന സഭാംഗങ്ങൾ പരസ്പരം കൂട്ടായ്മയിൽ ജീവിക്കുന്നു. ഒരുവൻ സഭയിൽ അംഗമായിരിക്കുന്നു എന്നതിന്റെ അർത്ഥം കൂട്ടായ്മയിൽ ആയിരിക്കുന്നു എന്നാണ്.

സഭയിൽ ദൈവജനം -അല്മായർ, സമർപ്പിതർ, ഹയരാർക്കി- മൂന്നു വിഭാഗങ്ങളിലായി നിലകൊള്ളുന്ന കൂട്ടായ്മയാണ്; അവർക്കു കൂട്ടുത്തരവാദിത്വവുമാണുള്ളത്. മിശിഹായുടെ പ്രവാചക, പുരോഹിത, രാജകീയദൗത്യങ്ങളിലൂടെയാണ് സഭയുടെ ഫലങ്ങൾ ദൃശ്യമാകുന്നത്. സഭയുടെ വളർച്ച നിർണ്ണയിക്കപ്പെടുന്നത് ദൈവജനത്തിന്റെ അംഗബലത്തിലല്ല. ഗുണമേന്മയുള്ള ജീവിതവും സമൂഹത്തിലുള്ള സജീവപങ്കാളിത്തവും ഉത്തരവാദിത്വങ്ങളുടെ കൂട്ടായ്മയിലുള്ള പൂർത്തീകരണവുമാണ് സഭയെ സഭയാക്കി നിലനിർത്തുന്നത്; വളർത്തുന്നത്. തിന്മയുടെ ദൂരീകരണം സഭാമക്കൾക്ക് സർവ്വപ്രധാനമെങ്കിലും, നന്മയിലുള്ള ഉത്സുഹതയാണ് സഭയുടെ മുഖം ലാവണ്യമാക്കുന്നത്. സഭയിൽ ഫലം പുറപ്പെടുവിക്കുന്നവരാകാൻ തിന്മ പ്രവർത്തിക്കാതിരുന്നാൽമാത്രം പോരാ, നന്മ ചെയ്യുകകൂടിവേണം. ചിലിയിലെ ഈശോസഭാ വൈദികനായിരുന്ന വി. ആൽബെർത്തോ ഹൂർത്താദോ (1901-1952) പറയുന്നു: "തിന്മ ചെയ്യാതിരിക്കുന്നത് നല്ല കാര്യമാണ്. എന്നാൽ ഒരു നന്മയും ചെയ്യാതിരിക്കുന്നത് തിന്മയാണ്". ഒരു നന്മയും ചെയ്യാതെ ഉദാസീനരായിരിക്കുവാൻ സഭാംഗങ്ങൾക്കു കഴിയുകയില്ല.

**ദൈവം ഫലം കാത്തിരിക്കുന്നു**

സഭയിലെ വിളിയും തിരഞ്ഞെടുപ്പും തായ്ത്തണ്ടായ മിശിഹാനാഥനോടു ചേർന്നു നില്ക്കുവാനാണ്. ചേർന്നുനില്പിലേ ജീവരസത്തിന്റെ ചലനാത്മകമായ പ്രവാഹം നടക്കൂ. "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു" (യോഹ 15,5). പ്രകൃതിയിൽ ഫലം നല്കുന്നത് ആരോഗ്യമുള്ള ചെടികളും വൃക്ഷങ്ങളുമാണ്. ഫലപൂർണ്ണമായ ജീവിതസാധ്യത ഉല്പത്തിയുടെ പ്രഥമവിവരണങ്ങളിൽത്തന്നെ പ്രകടമാണ്. "ഭൂമി എല്ലാത്തരം ഹരിതസസ്യങ്ങളും ധാന്യച്ചെടികളും വിത്തുള്ള ഫലങ്ങളോടുകൂടിയ വൃക്ഷങ്ങളും മുളപ്പിച്ചു. അവ നല്ലതെന്നു ദൈവം കണ്ടു" (ഉല്പ 1,12). ഫലം പുറപ്പെടുവിക്കുവാൻ പര്യാപ്തമായ ജീവിതവും സാധ്യതകളും സാഹചര്യങ്ങളും ചേർത്തു നിർത്തുവാനും, അവയോടു ചേർന്നുനില്ക്കുവാനും സഭാമക്കൾ കടപ്പെട്ടവരാണ്. "മുന്തിരിച്ചെടിയിൽ നില്ക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കുവാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല" (യോഹ 15,4). ഫലം പുറപ്പെടുവിക്കുവാനുള്ള ഏക മാർഗ്ഗം ഈശോയിൽ വസിക്കുക എന്നതാണ്.

കൈത്താക്കാലം ചൊവ്വാഴ്ചയിലെ റംശാ നമസ്കാരത്തിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: "അങ്ങേ പ്രിയപുത്രനെപ്പോലെ പ്രമാണങ്ങളെ കൃത്യമായി അനുസരിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. അങ്ങനെ ഞങ്ങൾ അങ്ങേ തിരുക്കുമാരനിൽ വസിച്ചുകൊണ്ട് സമൃ






ദ്ധമായ ഫലം പുറപ്പെടുവിക്കട്ടെ". ദൈവപ്രമാണങ്ങൾ കൃത്യമായി പാലിക്കുന്നവരാണ് ഈശോയിൽ വസിക്കുന്നവരും അവിടുന്നാഗ്രഹിക്കുന്ന ഫലം സഭയിൽ പുറപ്പെടുവിക്കുന്നവരും. "നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും" (യോഹ 15,10). കല്പനകൾ പാലിക്കുന്നവൻ ഈശോയുടെ സ്നേഹത്തിലാണ് നിലനില്ക്കുന്നത്; സ്നേഹത്തിന്റെ ഫലങ്ങളാണ് പുറപ്പെടുവിക്കുന്നത്. ഈശോയാകുന്ന തായ്ത്തണ്ടിനോടു ചേർന്നിരുന്ന്, സ്നേഹമാകുന്ന ജീവരസം വലിച്ചെടുത്ത് നാം ഫലം പുറപ്പെടുവിക്കുന്നു. സ്നേഹമാകുന്ന ജീവരസം നാം വലിച്ചെടുക്കുന്നതും നമ്മിലൂടെ ഒഴുക്കുന്നതും, മറ്റുള്ളവരെ സ്നേഹിക്കുവാനും വളർത്തുവാനും അവർക്കു ജീവനേകുവാനുംവേണ്ടിയാണ്. ഇപ്രകാരം ഫലം പുറപ്പെടുവിക്കുന്നതുവഴി ദൈവത്തെ നാം മഹത്ത്വപ്പെടുത്തുകയാണ് ചെയ്യുന്നത്. "നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതുവഴി പിതാവ് മഹത്ത്വപ്പെടുന്നു" (യോഹ 15,8).

ധാരാളം ഫലം പുറപ്പെടുവിക്കുവാൻ വെട്ടിയൊരുക്കലുകൾ ആവശ്യമാണ്. "ഫലം നല്കുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്നു വെട്ടിയൊരുക്കുന്നു" (യോഹ 15,2). വെട്ടിയൊരുക്കപ്പെടുമ്പോൾ ചെടിയുടെ അനാവശ്യമായ ഭാഗങ്ങൾ, ഫലശൂന്യമായ ഭാഗങ്ങളാണ് മുറിക്കപ്പെടുന്നത്. വെട്ടിയൊരുക്കലുകൾ വേദനാജനകമെങ്കിലും അത് ഒരു ശിക്ഷയല്ല. കൃഷിക്കാരൻ ചെടിക്കു നല്കുന്ന ശ്രദ്ധയുടെയും പരിരക്ഷയുടെയും ഭാഗമാണ്. വെട്ടിയൊരുക്കലുകൾ ചെടിയെ കൂടുതൽ മനോഹരമാക്കുന്നു. വെട്ടിയൊരുക്കലുകൾ നടക്കുന്നില്ലെങ്കിൽ അപക്വമായ ഫലങ്ങളും, എണ്ണത്തിൽ കുറവുമായിരിക്കും ലഭിക്കുക. അതിനാൽ ഈ പ്രക്രിയ ചെടികൾക്കെന്നപോലെ സഭാമക്കൾക്കും ആവശ്യമാണ് - വളർച്ചയ്ക്കും ഫലമണിയുന്നതിനും. ഒരുപക്ഷേ നാം ആഗ്രഹിക്കുന്ന വിധത്തിലും സമയത്തും ആയിരിക്കില്ല ദൈവം ഈ വെട്ടിയൊരുക്കൽ നടത്തുന്നത്. ദൈവത്തിന്റെ സമയത്താണ് അതു നടക്കുന്നത്. വെട്ടിയൊരുക്കലുകൾ നമ്മുടെ സ്വഭാവമാറ്റത്തിനും നിലപാടുമാറ്റത്തിനും വളർച്ചയ്ക്കും കൂടുതൽ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനും കാരണമാകും.

മദർ തെരേസ ഒരിക്കൽ പറയുകയുണ്ടായി: "നിശബ്ദതയുടെ ഫലമാണ് പ്രാർത്ഥന; പ്രാർത്ഥനയുടെ ഫലമാണ് വിശ്വാസം; വിശ്വാസത്തിന്റെ ഫലം സ്നേഹമാണ്; സ്നേഹത്തിന്റെ ഫലം ശുശ്രൂഷയാണ്; ശുശ്രൂഷയുടെ ഫലമോ സമാധാനം". സമാധാനം ഫലം പുറപ്പെടുവിക്കുവാൻ നാം നിശബ്ദതയെ സ്നേഹിക്കുന്നവരും വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവരും സ്നേഹത്തോടെ ശുശ്രൂഷ ചെയ്യുന്നവരുമാകണം. കൈത്താക്കാലം തിങ്കളാഴ്ചയിലെ എന്താനാ നമസ്കാരത്തിൽ നാം പ്രാർത്ഥിക്കുന്നു: "ഞങ്ങളുടെ കർത്താവേ, നിന്റെ മണവാട്ടിയായ തിരുസ്സഭയെ സമാധാനത്തിൽ നിലനിർത്തണമേ. ലോകത്തിന്റെ നവീകരണത്തിനും ജനതകളുടെ വിശുദ്ധീകരണത്തിനുമായി ഞങ്ങളുടെ ജീവിതങ്ങൾ സമർപ്പിച്ചുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായി ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കുകയും ചെയ്യണമേ. ആമ്മേൻ".



സെനക്കിൾ ആദ്ധ്യാത്മികത - 59

# സഭ

## മിശിഹായിൽ സമാധാനം കണ്ടെത്തുന്ന സമൂഹം

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**ഈ**ശോ തന്റെ അന്ത്യപ്രഭാഷണം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: “നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാൻ ഇതു നിങ്ങളോടു പറഞ്ഞത്. ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു” (യോഹ 16,33). ഈശോയുടെ ഉത്ഥാനത്തിന്റെ പ്രധാനപ്പെട്ട ഫലമാണ് സമാധാനം. ഉത്ഥിതനായ ഈശോ ശിഷ്യർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ അവർക്കു നല്കിയ ആശംസ ‘സമാധാനം നിങ്ങളോടുകൂടെ എന്നാണ് (യോഹ 20,19.21). ഈ സമാധാനം കേവലം മാനസികമായ അസ്വസ്ഥതയില്ലായ്മയിൽ ഒതുങ്ങിനില്ക്കുന്ന ഒന്നല്ല. മിശിഹായിലൂടെ, അവിടുത്തെ രക്ഷാകരപ്രവർത്തനത്തിലൂടെ, ദൈവം മനുഷ്യനു നല്കുന്ന രക്ഷാകര സമാധാനമാണ്.

### ഈശോയുടെ രക്ഷാകരപ്രവർത്തനഫലമായ സമാധാനം

ഈശോയുടെ രക്ഷാകരപ്രവർത്തനഫലമായി മനുഷ്യനു സ്വായത്തമാകുന്ന സമാധാനമാണിത്. ഈശോയുടെ ജനനവാർത്ത അറിയിക്കപ്പെട്ടപ്പോൾ, ഈ സമാധാനവാർത്തയും അതോടൊപ്പം അറിയിക്കപ്പെട്ടു. ഈശോ ജനിച്ചപ്പോൾ ദൈവദൂതന്മാർ ആലപിച്ചു: “അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം! ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം” (ലൂക്കാ 2,14). തന്റെ അന്ത്യപ്രഭാഷണത്തിൽ ശിഷ്യന്മാരെ ആശ്വസിപ്പിച്ചുകൊണ്ട് ഈശോ ഇപ്രകാരം പറയുന്നു: “ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാൻ നല്കുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട” (യോഹ 14,27). ഭയവും ഹൃദയാസ്വസ്ഥതയുമെല്ലാം നീക്കുന്ന സമാധാനാനുഭവമാണ് ഈശോയിൽ നമുക്കു കണ്ടെത്താനാവുന്നത്. ഈ സമാധാനം നമുക്കു തരാൻവേണ്ടിയാണ് ഈശോ തന്റെ രക്ഷാകർമ്മം പൂർത്തിയാക്കിയത്.

### ലോകത്തെ കീഴടക്കുന്ന സമാധാനം

ഈ സമാധാനം അതിനു വിരുദ്ധമായ എല്ലാറ്റിനെയും അതിജീവിക്കുന്ന സമാധാനമാണ്. ഈ സമാധാനത്തിനു ഭംഗം വരുത്തുന്ന എല്ലാറ്റിനെയും -പാപത്തെയും, പൈശാചിക ശക്തികളെയും, മരണത്തെത്തന്നെയും- ഈശോ തന്റെ രക്ഷാകരപ്രവർത്തനത്തിലൂടെ പരാജയപ്പെടുത്തി. ഇതിനെ സൂചിപ്പിച്ചുകൊണ്ടാണ് “ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു” (യോഹ 16,33) എന്ന് ഈശോ പറഞ്ഞത്. അന്ത്യപ്രഭാഷണത്തിന്റെ ആദ്യഭാഗത്തും ഇതേ സൂചന ഈശോ നല്കുന്നുണ്ട്: “ഈ ലോകത്തിന്റെ അധികാരി വരുന്നു. എങ്കിലും അവന് എന്റെമേൽ അധികാരമില്ല” (യോഹ 14,30). അതുകൊണ്ട് ലോകത്തിന്റേതായ ഞെരുക്കങ്ങളും സഹനങ്ങളും പീഡനങ്ങളുമൊക്കെയുണ്ടാകുമ്പോൾ ധൈര്യമായിരിക്കുവാൻ ഈശോ ശിഷ്യരെ ആഹ്വാനം ചെയ്യുകയാണ്. ഈശോയുടെ മരണം ലോകത്തിന്റെ താല്ക്കാലിക വിജയത്തെ സൂചിപ്പിക്കുന്നുണ്ടെങ്കിലും, തന്റെ ഉത്ഥാനത്തിലൂടെ ഈശോ ലോകത്തെ കീഴടക്കി. അപ്രകാരം ലോകത്തെ കീഴടക്കിയ ഈശോ മാനവരാശിക്കു നല്കുന്ന സമ്മാനമാണ് അവിടുത്തെ സമാധാനം. മിശിഹായുടെ വിജയം മിശിഹാനുയായികളുടെ വിജയമാണ്. ഈ വിജയാനുഭവമാണ് സമാധാനത്തിന്റെ അടിസ്ഥാനമായി നില്ക്കുന്നത്.

### മിശിഹായിൽ ജീവിക്കുന്നവർക്കു ലഭിക്കുന്ന സമാധാനം

ഈ സമാധാനം മിശിഹായിൽ ജീവിക്കുന്നവർക്കു സ്വായത്തമാകുന്ന സമാധാനമാണ്. മിശിഹായുടെ ജീവിതത്തിൽ നിറഞ്ഞുനിന്ന സമാധാനത്തിലുള്ള പങ്കുചേരലാണ് അത്. ഈശോ സമാധാനം കണ്ടെത്തിയത് പിതാവിന്റെ സഹവാസത്തെക്കുറിച്ചുള്ള അവബോധം വളർത്തിക്കൊണ്ടാണ്. ഈശോ പറയുന്നു: “നിങ്ങളോരോരുത്തരും താന്താങ്ങളുടെ വഴിക്ക് ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോകുകയും ചെയ്യുന്ന സമയം വരുന്നു; അല്ല, അതു വന്നുകഴിഞ്ഞു. എങ്കിലും ഞാൻ ഏകനല്ല; കാരണം, പിതാവ് എന്നോടുകൂടെയുണ്ട്” (യോഹ 16,32). ദൈവവുമായുള്ള തന്റെ ഗാഢമായ പിതൃപുത്രസ്നേഹബന്ധമാണ് അവിടുത്തെ സമാധാനത്തിന്റെ അടിസ്ഥാനം. മനുഷ്യനിലുണ്ടാകേണ്ട ഈ ബന്ധമാണ് പാപം നഷ്ടമാക്കിയത്. തന്റെ രക്ഷാകരപ്രവർത്തനത്തിലൂടെ ഈ ലോകത്തിന്റെ പാപത്തെയാണ് ഈശോ നീക്കിക്കളഞ്ഞത് (യോഹ 1,29). നാം മിശിഹായിൽ ജീവിക്കുമ്പോൾ, മിശിഹായോടും അവിടുത്തെ പിതാവായ ദൈവത്തോടുമുള്ള നമ്മുടെ സഹവാസം നമ്മിലും ഉരുത്തിരിയുന്നു. അതിന്റെ ഫലമായി മിശിഹായുടെ സമാധാനത്തിൽ പങ്കുചേരുവാൻ നമുക്കു സാധിക്കുകയും ചെയ്യുന്നു. ഈ സമാധാനാനുഭവം പങ്കിട്ടനുഭവിക്കുന്ന ഒരു സമൂഹമായിട്ടാണ് പരിശുദ്ധ കുർബാന സഭയെ പടുത്തുയർത്തുന്നത്.






# ലോത്ത്

ഷിജി പറപ്പള്ളിയാത്ത്

**ഹാ**രാന്റെ പുത്രനാണ് ലോത്ത്. തേരഹ് തന്റെ പുത്രനായ അബ്രാഹത്തോടും പൗത്രനായ ലോത്തിനോടുമൊപ്പം കൽദായരുടെ ഊറിൽ നിന്നും കാനാൻദേശത്തേക്കു പോയി. അവിടെ ക്ഷാമം ഉണ്ടായപ്പോൾ അബ്രാഹവും ലോത്തും ഈജിപ്തിലേക്കും പിന്നീട് ബഥേലിലേക്കും എത്തി. അവിടെ അവരുടെ ആടുമാടുകൾ പെറ്റുപെരുകി. “അവർക്ക് ഒന്നിച്ചു താമസിക്കാൻ ആ ദേശം മതിയായില്ല. കാരണം അവർക്ക് വളരെയേറെ സമ്പത്തുണ്ടായിരുന്നു. ഒന്നിച്ചു പാർക്കുക വയ്യാതെയായി. അബ്രാഹത്തിന്റെയും ലോത്തിന്റെയും കന്നുകാലികളെ മേയ്ക്കുന്നവർ തമ്മിൽ കലഹം ഉണ്ടായി.... അബ്രാഹം ലോത്തിനോടു പറഞ്ഞു: നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹം ഉണ്ടാക്കരുത്. കാരണം നമ്മൾ സഹോദരന്മാരാണ്. ഇതാ ദേശമെല്ലാം നിന്റെ കൺമുമ്പിലുണ്ടല്ലോ. എന്നെ പിരിഞ്ഞു പോകുക. ഇടത്തുഭാഗമാണ് നിനക്കുവേണ്ടതെങ്കിൽ ഞാൻ വലത്തേക്കു പൊയ്ക്കൊള്ളാം. വലത്തുഭാഗമാണ് നിനക്ക് ഇഷ്ടമെങ്കിൽ ഞാൻ ഇടത്തേക്ക് പൊയ്ക്കൊള്ളാം. ജോർദ്ദാൻ സമതലം മുഴുവൻ ജലപുഷ്ടിയുള്ള ഭൂമിയാണെന്ന് ലോത്ത് കണ്ടു. അത് കർത്താവിന്റെ തോട്ടം പോലെയും സോവാറിനുനേരെയുള്ള ഈജിപ്തിലെ മണ്ണുപോലെയുമായിരുന്നു. കർത്താവ് സോദോമും ഗോമോറായും നശിപ്പിക്കുന്നതിനു മുമ്പുള്ള അവസ്ഥയായിരുന്നു അത്” (ഉല്പ 13,6-11).

സമതലങ്ങളിൽ ഇടംതേടുന്ന ലോത്തിന്റെ സ്വഭാവങ്ങൾ ഇന്നിന്റെ ലോകത്തും ദൃശ്യമാണ്. കണ്ണിനു നല്ലതെന്ന് തോന്നുന്നവയെല്ലാം എങ്ങനെയും തന്റേതാക്കുവാൻ ആർത്തിപിടിച്ച മനുഷ്യൻ! ഫലമോ ശരംപോലെ ശിക്ഷകൾ, ശിക്ഷണങ്ങൾ, ദുരിതങ്ങൾ അവർക്കിടയിലേക്ക് കടന്നുവന്നു. സോദോമിൽ പാർത്തിരുന്ന ലോത്തിന്റെ കണക്കുകൂട്ടലുകൾ തെറ്റി. അവിടുത്തെ ജനങ്ങൾ ദുഷ്ടരും ദൈവത്തിന്റെ മുമ്പിൽ മഹാപാപികളുമായിരുന്നു. യുദ്ധം നിത്യസംഭവമായിരുന്നു. ലോത്തും കുടുംബവും തടവിലാക്കപ്പെട്ടു. അബ്രാഹം വന്ന് അവനെയും അവന്റെ വസ്തുവകകളെയും സ്ത്രീകളെയും ജനങ്ങളെയും തിരികെ കൊണ്ടുവന്നു (ഉല്പ 14,16).

ലോത്ത് അത്യാർത്തി ഉള്ളവനായിരുന്നു. അത് അവന് തിന്മയായി ഭവിച്ചു. സോദോം ജനതയുമായി താരതമ്യം ചെയ്യുമ്പോൾമാത്രമാണ് അവൻ ‘നീതിമാനാ’യി ഗണിക്കപ്പെട്ടത്. സോദോമിലെത്തിയ ദൈവദൂതന്മാരെ തിരിച്ചറിയുകയും ആതിഥ്യംനല്കി ആദരിക്കുകയും ചെയ്ത ലോത്തിനെ ഉല്പ 19,1-11 വരെ കാണാൻ കഴിയും. ദൈവികതയുടെ ഒരു നുറുങ്ങുവെട്ടം അവന്റെ അന്തരാത്മാവിൽ ഉണ്ടായിരുന്നിരിക്കാം. സോദോം നിവാസികൾ തങ്ങളോടൊത്ത് പാപം ചെയ്യാൻ ദൈവദൂതന്മാരെ ആവശ്യപ്പെടുമ്പോൾ ലോത്തിന്റെ നിലപാട് ആതിഥ്യമര്യാദ ഉള്ളതായിരുന്നു. മനുഷ്യന്റെ പ്രയത്നവും ദൈവികതയുടെ സ്പർശവും കൈകോർക്കുന്ന അത്ഭുതരംഗം ദൈവദൂതന്മാരുടെ സാന്നിധ്യമുള്ള ലോത്തിന്റെ ഭവനത്തിൽ കാണാം. സോദോം നഗരം നശിപ്പിക്കാൻ ദൈവം തങ്ങളെ അറിയിച്ച കാര്യം ദൈവദൂതന്മാർ ലോത്തിനോടു പറയുമ്പോൾ അവൻ സോദോം വിടാൻ മടിക്കുന്നു. പാപത്തിന്റെ ചുറ്റുവട്ടങ്ങളിൽ നിലയുറപ്പിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യനെയാണവൻ പ്രതിനിധീകരിക്കുന്നത്.



“കർത്താവിന് അവനോട് കരുണ തോന്നിയതുകൊണ്ട് ആ മനുഷ്യർ അവനെയും ഭാര്യയെയും മക്കളെയും കൈക്കുപിടിച്ച് നഗരത്തിനു പുറത്തുകൊണ്ടുപോയി വിട്ടു. അവരെ പുറത്തുകൊണ്ടുചെന്നു വിട്ടതിനുശേഷം അവരിൽ ഒരുവൻ പറഞ്ഞു: ജീവൻ വേണമെങ്കിൽ ഓടിപോകുക. പിൻതിരിഞ്ഞു നോക്കരുത്. താഴ്‌വരയിലെങ്ങും തങ്ങുകയുമരുത്. മലമുകളിലേക്ക് ഓടി രക്ഷപെടുക. അല്ലെങ്കിൽ നിങ്ങൾ വെന്തുമരിക്കും” (ഉല്പ 19,16-17).

താഴ്‌വരയിൽ തങ്ങാതെ മലമുകളിലേക്ക് കയറുവാൻ താക്കീതു നൽകുന്ന ദൈവദൂതൻ ഇന്നും ലോകത്തോട് ശബ്ദിക്കുന്നു. നിമിഷസുഖങ്ങളുടെ താഴ്‌വാരങ്ങൾ താണ്ടി മനുഷ്യായുസ്സ് നഷ്ടമാക്കുന്നവനുണ്ടോ മലമുകളിലേക്ക് പ്രയാണം നടത്തുന്നു? അപകടം പിടികൂടി നശിക്കുമെന്ന് അറിയുമ്പോൾ മാത്രമവൻ ‘സോവാർ’ദേശമെങ്കിലും കിട്ടുവാൻ നിലവിളിക്കുന്നു. അത്യാർത്തി പൂണ്ടിരുന്ന ലോത്ത് നിസ്സാരതയെ തേടുവാൻ തുടങ്ങുന്നു. മനുഷ്യന്റെ കണ്ണീരിന്റെ മുമ്പിൽ ദൈവദൂത് ഇങ്ങനെ: “നീ പറഞ്ഞ പട്ടണത്തെ ഞാൻ നശിപ്പിക്കുകയില്ല. വേഗമാകട്ടെ അങ്ങോട്ടോടി രക്ഷപെടുക. നീ അവിടെ എത്തുംവരെ എനിക്കൊന്നും ചെയ്യാനാവില്ല” (ഉല്പ 19,21-22).

ലോത്ത് സോവാറിലെത്തിയപ്പോൾ സൂര്യൻ ഉദിച്ചുകഴിഞ്ഞിരുന്നു. അതോടെ കർത്താവ് സോദോമും ഗോമോറായും അഗ്നിക്കിരയാക്കി. ലോത്തിനെപ്പോലെ ജീവിതത്തിന്റെ സമതലങ്ങളിൽ തങ്ങിയിരിക്കുന്നവരെ ‘സോവാറി’ലെത്തിക്കുവോളം ദൈവദൂതുകൾ കടന്നുവരും. അതിനെതിരെ കണ്ണടച്ചുനില്ക്കുന്നവർക്ക് അഗ്നിശുദ്ധിയെ സ്വീകരിക്കേണ്ടിവരുമോ? ഇന്നത്തെ ലോകം ക്രൈസ്തവരായ നമുക്ക് അഗ്നിശുദ്ധി ഒരുക്കിക്കൊണ്ടിരിക്കുന്നതു കാണാം. നിയമവും നയപ്രഖ്യാപനങ്ങളും പലവിധ ബിൽ ഇനങ്ങളും അതിനുള്ള ആയുധങ്ങൾ തന്നെ. ഇനിയും താഴ്‌വാരങ്ങളിൽ തങ്ങിയവർ മലമുകളിൽ എത്തണം. ദൈവകൃപയുടെ കരവും ദൈവാശ്രയത്തിന്റെ ചുവടുകളും മതി മലകയറുവാൻ.

ലോത്തിന്റെ ജീവിതം പറയുന്നു:

* *ദൈവസാന്നിധ്യമുള്ള ഭവനത്തിനെതിരെ തിന്മയുടെ ശക്തി പ്രബലപ്പെടുകയില്ല.*
* *അത്യാർത്തി ആപത്തുകൾ ക്ഷണിച്ചുവരുത്തും.*
* *ദൈവത്തിന്റെ കാരുണ്യം വലുതാണ്.*



# മഹാത്ത്വപൂർണ്ണയായ പരിശുദ്ധ മറിയം

റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി രൂപത



എന്താണ് മാതൃവണക്കത്തിനു കാരണം? നിരവധി കാരണങ്ങൾ നമുക്കു പറയാനുണ്ടാവും നല്ല അമ്മ, സഹനത്തിന്റെ പുത്രി, കുടുംബിനികളുടെ മാതൃക, സ്വർഗീയ മധ്യസ്ഥ തുടങ്ങിയ വിശേഷണങ്ങൾ പരിശുദ്ധ മറിയത്തിനു നല്കാനാവും. ലുത്തിനിയായിൽ സൂചിപ്പിക്കുന്ന വിശേഷണങ്ങൾ വേറെയും. സഭാപിതാക്കന്മാരും വിശുദ്ധരും വേദപണ്ഡിതരും മറിയത്തിന്റെ അപദാനങ്ങൾ പ്രകീർത്തിക്കുന്നു.

പരിശുദ്ധ മറിയത്തിന്റെ സ്തോത്രഗീതവും മറിയത്തിന്റെ മഹത്ത്വത്തെ വ്യക്തമാക്കുന്നു: "ഇപ്പോൾമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ് (ലൂക്കാ 1,48–49). പരിശുദ്ധ അമ്മയുടെ മഹത്ത്വത്തിനു കാരണം അവൾ മഹത്കാര്യങ്ങൾ ചെയ്തു എന്നതല്ല, ശക്തനായ ദൈവം അവളിൽ മഹത്കാര്യങ്ങൾ ചെയ്തു എന്നതാണ്. ദൈവത്തിനു പ്രവർത്തിക്കാൻ തക്കവിധം പരിശുദ്ധ മറിയം സ്വയം സമർപ്പിച്ചു: "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറ



വേറട്ടെ!" അബ്രാഹവും ഇപ്രകാരം സമർപ്പിച്ച് വിശ്വാസികൾക്കു പിതാവും തലമുറകൾക്ക് അനുഗ്രഹവുമായിത്തീർന്നു. ഇവരെപ്പോലെ ദൈവത്തിനു മുമ്പിൽ അവിടുത്തെ വിളഭൂമിയായി, അവിടുത്തെ പ്രവർത്തനത്തിനായി നമ്മെ സമർപ്പിക്കാൻ കഴിയുമ്പോൾ നാമും അനുഗൃഹീതരും മഹനീയരുമായി തീരും.

എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി. "അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം... കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1,41–43). പരിശുദ്ധ മറിയം ഭാഗ്യവതിയായത് ദൈവം അരുൾചെയ്തതു വിശ്വസിച്ചതുവഴിയാണ്. എങ്കിൽ വിശ്വാസികളായ നമുക്കും ഭാഗ്യവാന്മാരും ഭാഗ്യവതികളുമാകാൻ കഴിയും. അതായത്, നമ്മുടെ വിശ്വാസം വ്യർത്ഥമല്ല, അതു നമ്മെ അനുഗൃഹീതരാക്കും.

സഭയുടെ വിശ്വാസം എന്താണ് പരിശുദ്ധ മറിയത്തെപ്പറ്റി പറയുന്നത്? നമ്മുടെ വിശ്വാസപ്രമാണത്തിന്റെ ആരംഭം ദൈവത്തിന്റെ മനുഷ്യാവതാരത്തിലുള്ള വിശ്വാസത്തിന്റെ പ്രഘോഷണമാണല്ലോ. സർവ്വശക്തനും സകലത്തിന്റെയും സ്രഷ്ടാവുമായ പിതാവിനോടു സമനായിരുന്നവൻ പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ച് മനുഷ്യനായിപ്പിറന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു എന്നാണ് വിശ്വാസപ്രമാണത്തിൽ നാമേറ്റുപറയുന്നത്. ഒരുപക്ഷേ, നമ്മുടെ വിശ്വാസത്തിന്റെ അപരിചിതർക്കു മനസ്സിലാക്കാൻ ഏറ്റം അസാധ്യമായ സത്യവും ഒരു കന്യകയിൽനിന്നുള്ള ദൈവപുത്രന്റെ ജനനമായിരിക്കും.

മനുഷ്യനായി അവതരിച്ചു എന്നതിനേക്കാൾ മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ് സർവ്വശക്തനായവൻ സാധാരണ ഒരു സ്ത്രീയിൽനിന്ന് മനുഷ്യത്വം ധരിച്ചു എന്നത്. ഇതാണ് പരിശുദ്ധ മറിയത്തിന്റെ ജീവിതമഹത്ത്വത്തിന് ഏറ്റം അടിസ്ഥാന കാരണം. ജനത്തിന്റെ പ്രതികരണങ്ങളിൽ അതു വ്യക്തമാണ്: "ഈശോ അരുളിച്ചെയ്തുകൊണ്ടിരിക്കുമ്പോൾ ജനക്കൂട്ടത്തിൽനിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ അവനോടു പറഞ്ഞു: നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ" (ലൂക്കാ 11,27). പരിശുദ്ധ മറിയം ദൈവത്തിന് മനുഷ്യന്റെ രൂപവും ഭാവവും മനുഷ്യന്റെ മുഖവും നല്കുന്നതിന് ഉപകരണമായിത്തീർന്നു. രക്ഷാകരചരിത്രത്തിൽ ദൈവത്തിന് മനുഷ്യന്റെ രൂപം നല്കാൻ കഴിഞ്ഞു എന്നതാണ് പരിശുദ്ധ മറിയം അനുഗൃഹീതയും ഭാഗ്യവതിയും വണക്കത്തിന് യോഗ്യയുമായി തീർന്നതിനു കാരണം.

ഇതു ലോകത്തെ, വിശ്വാസത്തെ തലകീഴായി മറിച്ചു. ദൈവത്തെ തേടിയലയുന്ന ആചാരങ്ങളിലും അപരിമേയ സത്യങ്ങളിലും അത്യുന്നതങ്ങളിലും ദൈവത്തെ തേടിയ മനുഷ്യന് ഇത് അഗ്രാഹ്യമായ സത്യമാണ്. ദൈവത്തിന് മനുഷ്യന്റെ മുഖമുണ്ട്. മനുഷ്യന് ദൈവത്തിന്റെ ഛായയും സാദൃശ്യവും നല്കപ്പെട്ടുവെന്ന് പഴയനിയമം പഠിപ്പിക്കുന്നു. എന്നാൽ പുതിയനിയമം കുറിക്കുന്നു, ക്രൈസ്തവവിശ്വാസം പറയുന്നു, ദൈവത്തിന് മനുഷ്യന്റെ മുഖമാണെന്ന്. ദൈവം സമീപസ്ഥനാണ്. മനുഷ്യനോട്, നിന്റെ സഹോദരനോട്, നിന്റെ മാതാപിതാക്കന്മാരോട്, ഗുരുക്കന്മാരോട്, നിന്റെ സഹജീവികളോട് അടുക്കുമ്പോൾ നീ നിന്റെ ദൈവത്തോട് അടുക്കുന്നു.

ഒരു സ്ത്രീയിൽനിന്നു ജനിക്കുകയും അവളിൽനിന്നു പാനംചെയ്യുകയും അവളാൽ പരിചരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വളർത്തപ്പെടുകയും ചെയ്ത ഒരു ദൈവത്തെ മനുഷ്യന് വിശ്വസിക്കാൻ അത്ര എളുപ്പമല്ല. എന്നാൽ ആ സ്ഥിതിയിലാണ് പരിശുദ്ധ മറിയം ദൈവം തന്നിൽനിന്നു പിറക്കുമെന്ന സന്ദേശത്തിനു മുമ്പിൽ പതറാതെ സ്വയം സമർപ്പിക്കുന്നത്. അത്ഭുതങ്ങളിലും അടയാളങ്ങളിലും ദൈവത്തെ തേടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധി

ച്ചുവരുന്നതു നാം ചുറ്റുപാടും കാണുന്നു. മനുഷ്യന്റെ ഈ ബല ഹീനതയെ ചൂഷണം ചെയ്യുന്ന വരെയും നാമിന്ന് ഏറെ കാണു ന്നു. ഇവിടെയാണ് മാലാഖയോ ടുള്ള മറിയത്തിന്റെ പ്രതികര ണത്തിന് പ്രസക്തിയേറുന്നത്. മറിയം ദൂതനോടു പറഞ്ഞു: ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നി ല്ലല്ലോ" (ലൂക്കാ 1,34). മറിയം ദൈവത്തിന്റെ പദ്ധതി പൂർ ത്തിയാക്കുന്നതിന് അത്ഭുത ങ്ങൾ പ്രതീക്ഷിക്കുന്നില്ല. സ്വാഭാവികമായി ജീവനു ജന്മം നല്കാൻ ഒരു പുരു ഷന്റെ സഹവാസം ആവ ശ്യമാണെന്നും എന്നാൽ തന്റെ അപ്പോഴത്തെ ജീവിതാവസ്ഥയിൽ അതി നുള്ള സാധ്യതയില്ലെന്നു അറിയുന്ന മറിയം അതു വ്യക്തമാക്കുന്നു, 'താൻ പുരുഷനെ അറി യുന്നില്ലല്ലോ" എന്ന വാക്കുകളിലൂടെ.



മറിയത്തിന്റെ വിശ്വാസത്തിന്റെ ആഴവും ദൈവത്തിന്റെ മാനുഷികരൂപവും നാമിവിടെ കാണുന്നു. ഇതുവഴി, അതായത് മറിയത്തിന്റെ വിശ്വാസംവഴി, അവളുടെ ജീവിതസ മർപ്പണംവഴി, നമുക്കു ദൈവം മനുഷ്യരൂപ ത്തിൽ സംലഭ്യനായി. ദൈവത്തിന് മനുഷ്യ രൂപം ലഭിച്ചു. ദൈവം മനുഷ്യനായി; ദൈവം മനുഷ്യരുടെയിടയിൽ വസിച്ചു. ദൈവം വിദൂ രസ്ഥനല്ല, സമീപസ്ഥനാണ്. ഇമ്മാനുവേൽ ആണ് ദൈവം. ദൈവം അപരിചിതനല്ല; ദൈവ ത്തിന് ഒരു മുഖമുണ്ട്. അതുവരെയും ആരും ദൈവത്തെ കണ്ടിട്ടില്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ സാന്നിദ്ധ്യം ഒരു മനുഷ്യസ്ത്രീ യിലും, മനുഷ്യമുഖത്ത് ദൈവത്തിന്റെ മുഖവും ലോകം ദർശിച്ചു. ഈശോയുടെ മുഖത്ത്, മറി യത്തിന്റെ പുത്രനായ ഈശോയുടെ മുഖത്ത്, മനുഷ്യപുത്രനായവന്റെ മുഖത്ത്, ദൈവത്തിന്റെ മുഖം കണ്ടു.

വിശ്വാസത്തിന്റെ പേരിൽ, പ്രത്യശാസ്ത്രത്തിന്റെ പേ രിൽ, രാഷ്ട്രീയ നിലപാടുക ളുടെ പേരിൽ, എന്തിനേറെ, ലിംഗഭേദങ്ങളുടെ പേരിൽ വിഭാഗീയതയുടെയും വിദ്വേ ഷത്തിന്റെയും മതിലുകൾ തീർത്ത് അകൽച്ചകൾ സൃ ഷ്ടിക്കുവാൻ കച്ചകെട്ടി നട ക്കുന്ന സകലരുടെയും മുമ്പിൽ പരിശുദ്ധ മറിയം സാഹോദര്യത്തിന്റെ, സഹവർത്തിത്വത്തിന്റെ, സാമീപ്യത്തിന്റെ സദ് വാർത്ത പ്രഘോഷിക്കു ന്നു. "ആ ദിവസങ്ങ ളിൽ, മറിയം യൂദയാ യിലെ മലമ്പ്രദേശ ത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു. അവൾ സഖറിയായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാ ദനം ചെയ്തു... മറിയം അവളുടെകൂടെ മൂന്നു മാസത്തോളം താമസിച്ചു. പിന്നെ വീട്ടിലേക്കു മടങ്ങി". തന്റെ ശുശ്രൂഷ ആവശ്യമായിരുന്ന ഇളയമ്മയെ സഹായിക്കാൻ തിടുക്കത്തിൽ പുറ പ്പെടുന്ന മറിയത്തിൽ തെളിയുന്നത് ഈ സാമീ പ്യത്തിന്റെ സുവിശേഷമാണ്.

പരിശുദ്ധാത്മാവിനാൽ പൂരിതയായ പരി ശുദ്ധ മറിയം സഹവാസിയും സഹായക നുമായ പരിശുദ്ധാത്മാവിനെപ്പോലെ തന്റെ സഹോദരങ്ങൾക്ക് സഹവാസവും സഹാ യവും നല്കുന്നു. ഏലീശ്വായെ സഹായിക്കു മ്പോഴും, കാനായിലെ വിവാഹവിരുന്നിൽ വീഞ്ഞ് എത്തിക്കുമ്പോഴും, ശ്ലീഹന്മാരോ ടൊപ്പം പ്രാർത്ഥിക്കുമ്പോഴും, ആത്മാവിന്റെ അഭിഷേകത്താൽ നിറഞ്ഞ് സുവിശേഷപ്രഘോ ഷകരായി പോകുന്ന ശ്ലീഹന്മാരോടൊപ്പം നില്ക്കുമ്പോഴും പരിശുദ്ധ അമ്മയുടെ ഈ സ്വഭാവം വ്യക്തമാക്കപ്പെടുന്നു.

എന്റെ ഏറ്റവും എളിയ ഈ സഹോദര



ന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തത ന്നത് എന്നു പറയത്തക്കവിധം വിശക്കുന്നവനായും ദാഹിക്കുന്നവനായും പരദേശിയായും നഗ്ന നായും രോഗിയായും അവിടുന്ന് നമുക്കു സമീപസ്ഥനായി. കാരാഗൃഹവാസിയായ ഒരുവനെ സഭാമേലദ്ധ്യക്ഷന്മാർ സന്ദർശിച്ചതു മാധ്യമങ്ങൾ ആഘോഷത്തിനുള്ള അവസരമാക്കിത്തീർത്ത പ്പോൾ അവിടുന്നു പറയുന്നു: "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെ അടുത്തു വന്നു". ഈ സാമീപ്യത്തിന്റെ സുവിശേഷത്തിനു വിരുദ്ധമായി വാതിൽ കൊട്ടിയടച്ച ബേത്‌ലഹേം നിവാസികളാണ് ദൈവത്തെ കാലിത്തൊഴുത്തിലേക്കു തള്ളിയത് എന്നതും നാമോർക്കണം.

ക്രൈസ്തവവിശ്വാസം ഏറ്റം വലിയ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സമ്മാ നമാണ് നല്കുന്നത്. ഇതു വലിയ സാമ്പത്തിക ബാധ്യതയേകുന്ന സമ്മാനമല്ല, ഒരു പുഞ്ചിരി യിൽ നല്കാവുന്ന സമ്മാനമാണ്. അതിന് നമ്മുടെ മുഖം അപരനിലേക്ക് തിരിക്കണം. അപര നിൽ സന്തോഷിക്കാനാവണം. ഈ സമ്മാനം ഒരു കരുണാർദ്ര പ്രവൃത്തിയിലൂടെ നല്കാവുന്ന സമ്മാനമാണ്. ഇത് ഒരു ചെറിയ സഹായത്തിലൂടെ, ഒരുവനോട് ക്ഷമിക്കുന്നതിലൂടെ നല്കാ വുന്ന സമ്മാനമാണ്. ആകയാൽ നമ്മുടെ വിശ്വാസത്തിന്റെ അനന്യത മനസ്സിലാക്കാനും ജീവി ക്കാനും നമുക്കാകട്ടെ. പരിശുദ്ധ മറിയത്തിന്റെ ജീവിതം അതിനു നമുക്കു പ്രേരണയാവണം. വി. പൗലോസ്ശ്ലീഹാ കൊളോസോസിലെ സഭയെ ഉദ്ബോധിപ്പിക്കുന്നതുപോലെ, "കർത്താ വായ ഈശോമിശിഹായെ നിങ്ങൾ സ്വീകരിച്ചിരിക്കുന്നതിനാൽ അവനിൽ ജീവിക്കുവിൻ. അവ നിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും നിങ്ങൾ സ്വീകരിച്ച വിശ്വാസത്തിൽ ദൃഢത പ്രാപിച്ചുംകൊണ്ട് അനർഗളമായ കൃതജ്ഞതാപ്രകാശനത്തിൽ മുഴുകുവിൻ" (2,6-7). കർത്താ വായ ഈശോമിശിഹായെ ഉദരത്തിൽ സ്വീകരിച്ച അമ്മ ശക്തനായ ദൈവത്തിലുള്ള ദൃഢവി ശ്വാസത്തോടെ നടത്തിയ കൃതജ്ഞതാപ്രകാശനമാണ് ലൂക്കാശ്ലീഹാ 1-ാം അദ്ധ്യായം 45 മുത ലുള്ള വാക്യങ്ങളിൽ വിവരിക്കുന്ന, നമുക്കു സുപരിചിതമായ സ്തോത്രഗീതം.

ശ്ലീഹാ ഫിലിപ്പിയർക്ക് എഴുതുന്നതുപോലെ, പരിശുദ്ധ മറിയത്തിന്റെ ജീവിതം നമ്മോടു പറയുന്നു: "എന്നിൽനിന്നു പഠിച്ചതും സ്വീകരിച്ചതും കേട്ടതും എന്നിൽ കണ്ടതും നിങ്ങൾ ചെയ്യുവിൻ. അപ്പോൾ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെയുണ്ടായിരിക്കും".




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കു വയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമ ക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# എല്ലാം എന്റെ ഈശോയ്ക്കായി

**നിയോണ മങ്ങാടൻ**

**സ്നേ**ഹത്തിന്റെ ഉറവിടമായ ദൈവത്തിൽ ഹൃദയം ഉറപ്പിച്ച ജീവിതമാണ് വിശുദ്ധാത്മാക്കളുടെ ജീവിതങ്ങൾ. സ്നേഹത്താൽ ശത്രുവിനെ കീഴടക്കി ക്ഷമയുടെ പര്യായങ്ങളായവർ, സ്നേഹത്തിന്റെ തൈലംകൊണ്ട് മുറിവുണക്കിയവർ, മുറിവ് സമ്മാനിക്കാതെ സ്വയം മുറിഞ്ഞവർ, മുറിവുകളെ തിരുമുറിവുകളോട് ചേർത്തുവച്ച് സൗഖ്യം പകർന്നവർ. അവരാണ് വിശുദ്ധാത്മാക്കൾ.

വിശുദ്ധ ജോൺ മരിയ വിയാനിയുടെ ജീവിതത്തിലെ സ്നേഹത്തിന്റെ ചിതലരിക്കാത്ത ചില ഓർമ്മകൾ. യാത്രാസൗകര്യം തെല്ലും ഇല്ലാത്ത മലമുകളിലെ ഇടവകയിലായിരുന്നു ആദ്യ നിയമനം. വല്ലാതെ ക്ലേശിച്ചു അവിടെ എത്താൻ. തന്നെ തിരസ്കരിച്ചുകൊണ്ടുള്ള അധികാരികളുടെ നിയമനമാണെന്ന് അറിഞ്ഞിരുന്നുവെങ്കിലും നിശ്ചയദാർഢ്യത്തോടെ അദ്ദേഹം യാത്രയാരംഭിച്ചു. വഴിയിൽ കണ്ട കുട്ടിയോട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ആർസിലേക്ക് ഉള്ള വഴി കാണിച്ചു തരിക. ഞാൻ നിനക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി കാട്ടിത്തരാം". ദൈവാലയത്തിലെത്തിയ ജോണച്ചൻ സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയോട് ഇങ്ങനെ മന്ത്രിച്ചു: "ആകാശത്തിന്റെയും ഭൂമിയുടെയും ഉടയവനായ നിനക്ക് ഇവിടെ വസിക്കാമെങ്കിൽ തീർച്ചയായും ഈ ജോണിനും ഇവിടെ വസിക്കാം". നല്ലൊരു വീടോ, അതിലൊരു മുറിയോ, കട്ടിലോ, നല്ല ഭക്ഷണമോ, സൗകര്യങ്ങളോ ഒന്നുംതന്നെ ഇല്ലാതിരുന്നിട്ടും ഇല്ലായ്മകളെ ആത്മാക്കളെ നേടാനുള്ള ഉള്ളായ്മകളായി, നിറവുകളായി കണ്ട് വിയാനിയച്ചൻ കർത്താവിന്റെ കുരിശിൽ അഭയം കണ്ടെത്തി.... ഒറ്റപ്പെടലിന്റെ നൊമ്പരവും മനസ്സിലാക്കപ്പെടാത്ത അനുഭവവും തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും പ്രിയപ്പെട്ടവരുടെ നഷ്ടവും എല്ലാം എല്ലാം ജോണച്ചനെ ഈശോയുടെ പ്രിയപ്പെട്ടവനാകാൻ ഒരുക്കുകയായിരുന്നു.



ആർസിൽ ജോണച്ചന് സഹായിയായി ലഭിച്ച യുവവൈദികനായ റൈമണ്ട് പണ്ഡിതനും പ്രാസംഗികനുമായിരുന്നു. ഒപ്പം 'അഹം' കാരണമായി കൂടെ ഉള്ള (വളരെയധികം ഉയർന്നുനിന്ന) വ്യക്തിയുമായിരുന്നു. പള്ളിമേടയിലെത്തിയ ദിവസംതന്നെ അദ്ദേഹം ജോണച്ചന്റെ മുറി കൈയേറുകയും കാറ്റും വെളിച്ചവും ഇല്ലാത്ത മുറി ജോണച്ചന് സ്നേഹപുരസ്സരം നൽകുകയും ചെയ്തു. യാതൊരു പ്രതികരണവും കൂടാതെ ജോണച്ചൻ സ്നേഹത്തോടെ മുറി മാറിക്കൊടുത്തു. ഒരിക്കൽ ജോൺ മരിയ വിയാനിയച്ചൻ പ്രസംഗിച്ചുകഴിഞ്ഞ ഉടനെ റൈമണ്ടച്ചൻ കയറി വളരെ നിശിതമായി വിയാനിയച്ചന്റെ പ്രസംഗത്തെ വിമർശിച്ചു. വിശുദ്ധിയുടെ വിളനിലമായ ജോൺ മരിയ വിയാനിയച്ചൻ പരാതിപ്പെടുകയോ നീരസം പ്രകടിപ്പിക്കുകയോ ചെയ്യാതെ ശാന്തനായി നിലകൊണ്ടു. എട്ടു വർഷത്തോളം ഈ 'കുരിശ്' ഹൃദയത്തിൽ സ്നേഹപൂർവ്വം വഹിച്ചു എന്നതായിരുന്നു വിയാനിയച്ചനിൽ വിളങ്ങിയ പുണ്യം.

സ്നേഹിച്ചു നീങ്ങേണ്ട ഈ കുഞ്ഞുജീവിതത്തിൽ കുരിശായി അനുഭവപ്പെടുന്ന എല്ലാ ജീവിതനിമിഷങ്ങളെയും കുരിശോടു ചേർത്ത് ഒരിത്തിരി നേരം മിഴി പൂട്ടിയിരിക്കാം. അപ്പോൾ അവൻ ചെവികളിൽ മന്ത്രിക്കും, "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35).

*"സ്നേഹത്താൽ ശത്രുവിനെ കീഴടക്കിടുവിൻ*
*സ്നേഹമാം ചൂടു നല്കി മനസ്സുരുക്കിടുവിൻ*
*സ്നേഹസാന്ദ്രമാം ശൈലി മാത്രമേ മനസ്സുകളെ തുറക്കുകയുള്ളു*
*സ്നേഹപൂർണ്ണമാം ഭാഷമാത്രമേ ഹൃദയങ്ങൾ ഗ്രഹിക്കുകയുള്ളു*
*സ്നേഹമെല്ലാ കുറവുകളും മായിച്ചീടുന്നു.*
*സ്നേഹമെല്ലാ പാപങ്ങളും മോചിച്ചീടുന്നു"*





# കാവലാൾ

## 16

ജാൻസി ടീച്ചർ
കറുകപ്പറമ്പിൽ

**കു**ട്ടികൾക്ക് വിനോദയാത്രയായിരുന്നു. ഗൊരേത്തിയമ്മയും സിസ്റ്റർ മാഗിയും വേണ്ട നിർദ്ദേശങ്ങൾ കൊടുത്ത് സ്കൂൾ ബസ്സിൽ കുട്ടികളെ ആലപ്പുഴ ബീച്ചിൽ കൊണ്ടുവന്നു. മിനിക്കുട്ടി വളരെ ഉത്സാഹത്തോടെ ബിസ്ക്കറ്റ് പങ്കുവയ്ക്കാൻ ഓടിനടന്നു. “മിനിക്കുട്ടീ, മരിയച്ചേച്ചിയുടെ കൈപിടിച്ച് നില്ക്ക്. നീ കുഞ്ഞല്ലേ...” ഗൊരേത്തിയമ്മയ്ക്കു പേടിതോന്നി. ഇന്ന് തിരമാലകൾ വളരെ ശക്തമാണ്.

കടലമ്മ കള്ളി എന്നെഴുതി കുറേപ്പേർ തിരമാലകളെ മുകളിലേക്കു വിളിച്ചു. ചിലർ, കക്കയും ചിപ്പിയും പെറുക്കി. ചിലർ മണൽകൂട്ടിവച്ച് വീടു പണിതു.

അകലെ ഒരു ചെറുവള്ളത്തിൽ രണ്ടുപേർ പൊങ്ങിയും താഴ്ന്നും പോകുന്നു. സ്റ്റീനാ പെട്ടെന്ന് കർത്താവും ശിഷ്യന്മാരും യാത്ര പോയതും അവിടുന്ന് കടലിനെ ശാന്തമാക്കിയതും ഓർത്തു.

“കടല വേണോ?”

തന്റെ മുന്നിൽ കടല നീട്ടി നില്ക്കുന്ന മുഷിഞ്ഞ വേഷം ധരിച്ച ആ പെൺകുട്ടിയെ നോക്കി നിന്നപ്പോൾ മിനിക്കുട്ടി പറഞ്ഞു: “ശ്ശൊ, കഷ്ടം! ആ കൊച്ചിനും എന്നെപ്പോലെ അമ്മയില്ലായിരിക്കും. അല്ലേ ചേച്ചീ... പക്ഷേ സ്വർഗത്തിലിരുന്നു കാണുന്ന പരിശുദ്ധ അമ്മയുള്ളപ്പോൾ നമുക്കെന്താ പ്രശ്നം...”

അതും പറഞ്ഞ് ഒരു പൂമ്പാറ്റയെപ്പോലെ അവൾ തിരയിലേക്ക് ഓടി.

“മിനിക്കുട്ടീ, അവിടെ നില്ക്ക്” പുറകേ മരിയ ഓടിയെങ്കിലും മിനിക്കുട്ടി അപകടത്തിൽ പെട്ടു.

‘മോളേ’ എന്ന ഉറക്കെയുള്ള വിളികേട്ട് കോസ്റ്റ് ഗാർഡ് ചാടി നീന്തി. സ്റ്റീനാ മുട്ടുകുത്തി പരിശുദ്ധ രാജ്ഞീ എന്ന പ്രാർത്ഥന ചൊല്ലിക്കരയുമ്പോൾ അവളോടൊപ്പം സിസ്റ്റർമാരും കുട്ടികളും ഒരുമിച്ചു മുട്ടുകുത്തി കരഞ്ഞുകൊണ്ടു പ്രാർത്ഥിച്ചു.

ചാടിയ കോസ്റ്റ് ഗാർഡ് തിരികെയെത്തി.



“നമുക്കു വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിക്കാം. അവളെ നമുക്കു തിരിച്ചു കിട്ടും”. സ്റ്റീനാ കൈകൾ ഉയർത്തി പ്രാർത്ഥിക്കാൻ തുടങ്ങി. മുപ്പത്തിമൂന്നാമതു വിശ്വാസപ്രമാണം കഴിഞ്ഞപ്പോൾ എവിടെനിന്നോ മിനിക്കുട്ടി ഓടിവന്നു.

“മോളേ, ആരാ നിന്നെ രക്ഷിച്ചത്?”

“ആന്റി”

“ആന്റിയോ? എന്നിട്ടെന്തിയേ ആ ആന്റി?”

“എന്നെ എടുത്തുകൊണ്ടു വന്നതു കണ്ടില്ലേ?”

എല്ലാവരും ആന്റിയെ തിരയുമ്പോൾ മിനിക്കുട്ടി സ്റ്റീനായുടെ ചെവിയിൽ പറഞ്ഞു: “അത് പരിശുദ്ധ അമ്മയായിരുന്നു, അല്ലേ ചേച്ചീ?”സ്റ്റീനാ തലയാട്ടി.

വേഗം കുട്ടികളെയെല്ലാവരെയും ബസിൽ കയറ്റി അവർ തിരികെ മടങ്ങിയപ്പോൾ മിനിക്കുട്ടി സ്റ്റീനായോടു പറഞ്ഞു: “ചേച്ചി കൊന്ത ചൊല്ലുമ്പോൾ വരുന്ന മുല്ലപ്പൂവിന്റെ മണമായിരുന്നു ആ ആന്റിക്ക്. എനിക്ക് ഉമ്മ തന്നു. ചേച്ചി മണത്തു നോക്കിക്കേ...”

സ്റ്റീനാ ദൈവത്തിന്റെ കരുണയോർത്ത് നന്ദി പറയുകയായിരുന്നു അപ്പോൾ.

(തുടരും)



എല്ലാവരും ആന്റിയെ തിരയുമ്പോൾ മിനിക്കുട്ടി സ്റ്റീനായുടെ ചെവിയിൽ പറഞ്ഞു: “അത് പരിശുദ്ധ അമ്മയായിരുന്നു, അല്ലേ ചേച്ചീ?”






# മിശിഹാസ്നേഹവും സഭാവിരോധവും!

റവ. ഫാ. ദേവസ്യാ തുണ്ടിയിൽ
ചങ്ങനാശ്ശേരി അതിരൂപത

**“നി**ങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്നു കരുതുന്ന സമയം വരുന്നു” (യോഹ 16,2) എന്ന പ്രവചനം ഈ നാളുകളിൽ അന്വർത്ഥമാകുകയാണ്. പൊതുവേദികളിലും മാധ്യമരംഗത്തും സാമൂഹികമാധ്യമങ്ങളിലും തിരുസ്സഭയെ തള്ളിപ്പറയുന്നതും താഴ്ത്തിക്കെട്ടുന്നതും ‘പുണ്യപ്രവൃത്തി’യായി ചിലർ കരുതുന്നുണ്ട്. അവരിൽ പലരും മിശിഹാസ്നേഹിതരെന്നും ‘യഥാർത്ഥ’ മിശിഹാനുയായികളെന്നും അവകാശപ്പെടുന്നു എന്നതാണ് ഏറെ വൈരുദ്ധ്യം നിറഞ്ഞ കാര്യം. കൈത്താക്കാലം സഭയുടെ വളർച്ചയെക്കുറിച്ച് ധ്യാനിക്കുന്ന കാലമായതിനാൽ ഈശോയും സഭയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ചിന്തിക്കേണ്ടത് ആനുകാലികമായ ഒരു ആവശ്യമാണ്.

### സഭ മിശിഹായുടേത്

“പത്രോസേ, നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല” (മത്താ 16,18). സഭ മിശിഹായുടേതാണ് എന്നു തെളിയിക്കാൻ ഈ വചനമല്ലാതെ മറ്റൊന്നും ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പന്തക്കുസ്താദിനത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധ റൂഹാ ഇറങ്ങിവരികയും, അവരുടെ സുവിശേഷപ്രഘോഷണം കേട്ട് മൂവായിരത്തോളം പേർ അന്നുതന്നെ മാമ്മോദീസാ സ്വീകരിക്കുകയും അങ്ങനെ സഭ ഔദ്യോഗികമായി സമാരംഭിക്കുകയും ചെയ്തു. മിശിഹാ മൂലക്കല്ലും ശ്ലീഹന്മാർ അടിത്തറയുമായ വിശ്വാസഭവനമായി സഭ പണിയപ്പെട്ടു. ജറുസലേമിൽ അന്നു സംഭവിച്ചത് പല ദേശങ്ങളിലും ആവർത്തിക്കപ്പെട്ടു. അങ്ങനെ ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന വ്യത്യസ്ത വ്യക്തിഗതസഭകൾ കാലാന്തരത്തിൽ രൂപംകൊണ്ടു. സഭ വ്യത്യസ്ത ശ്ലൈഹികപാരമ്പര്യവും ആരാധനാ-ഭരണക്രമങ്ങളും പേറുന്നുണ്ടെങ്കിലും അവയുടെയെല്ലാം മൂലക്കല്ല് മിശിഹാതന്നെയാണ്.



### മിശിഹാ ശിരസ്സും സഭ ശരീരവും

“നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്” (1 കൊറി 12,27). മിശിഹായും സഭയും തമ്മിലുള്ള ബന്ധം എത്ര ഗാഢമാണ് എന്ന് പൗലോസ്ശ്ലീഹായുടെ ഈ പ്രബോധനത്തിൽനിന്നും വ്യക്തമാണ്. തനിക്കുണ്ടായ മിശിഹാനുഭവത്തിന്റെ വെളിച്ചത്തിലാണ് ശ്ലീഹാ ഇതു പഠിപ്പിക്കുന്നത്. സാവൂൾ സഭാപീഡകനായിരുന്ന കാലത്താണല്ലോ മിശിഹാ അവനെ വിളിച്ചു സ്വന്തമാക്കിയത്. ദമാസ്കസിലേക്കുള്ള വഴിമദ്ധ്യേ മിന്നലൊളിയേറ്റ് നിലംപതിച്ച സാവൂളിനോട് കർത്താവു ചോദിച്ചു: “സാവൂൾ, സാവൂൾ നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?” (നട 9,4). സാവൂൾ പീഡിപ്പിച്ചത് മിശിഹായുടെ അനുയായികളെയാണ്; മിശിഹായെയല്ല. എന്നാൽ മിശിഹായുടെ ചോദ്യം ‘നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു’ എന്നാണ്. സഭ മിശിഹായുടെ ശരീരമാണെന്ന സഭാവിജ്ഞാനീയത്തിലെ പ്രാഥമികപാഠം ശ്ലീഹായെ പഠിപ്പിച്ചത് ഈശോതന്നെയാണ്. അതുകൊണ്ട് സഭയെ ദ്വേഷിച്ചുകൊണ്ട് ആർക്കും മിശിഹാസ്നേഹിയാകാൻ കഴിയില്ല.

### ശ്ലൈഹികതയും സഭാധികാരവും

“സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും” (മത്താ 16,19). ഈശോ തന്റെ ദൈവദത്തമായ അധികാരം മനുഷ്യരായ ശ്ലീഹന്മാർക്കു നല്കി. പാപത്തെയും രോഗത്തെയും പൈശാചികശക്തികളെയും കീഴ്പ്പെടുത്താൻ അവർക്കു ദൈവികശക്തി കൊടുത്തു. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരും അവരുടെ പ്രതിനിധികളായ പുരോഹിതരും ശ്ലൈഹിക അധികാരത്തിലാണ് പങ്കുചേരുന്നത്. അധികാരം ഭരിക്കാനല്ല; ശുശ്രൂഷിക്കാൻ വേണ്ടിത്തന്നെ.

### ഇടർച്ചയും സഭാസ്നേഹവും

ആനുകാലികമായ പല സംഭവവികാസങ്ങളും ഇടർച്ചകളും കേരളസഭയെ പിടിച്ചുകുലുക്കുകയാണല്ലോ. വേദനാജനകമായ ഇത്തരം സാഹചര്യങ്ങളെ നാം അതിജീവിക്കേണ്ടതുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ സഭയുടെ അദൃശ്യമായ ദൈവികതലം കുറവുകൾക്കതീതമായി .... നിലനില്ക്കുമ്പോഴും ദൃശ്യമായ മാനുഷികതലം ഇടർച്ചകൾക്ക് അധീനപ്പെടുന്നു. മനുഷ്യന്റെ ബലഹീനതകൾ സഭയുടെ ദൈവികതലത്തെ ഒട്ടുംതന്നെ ബാധിക്കുന്നില്ല. സഭാമക്കളുടെ കുറവുകളെ സഹിഷ്ണുതയോടും ക്ഷമയോടുംകൂടെ കാണുവാനും സഹജബോധത്തോടെ അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമുക്കു കഴിയണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കുന്ന ഈശോയുടെ മനോഭാവം അതിന് സഭാതനയരെ സജ്ജമാക്കും. സഭാസംവിധാനങ്ങളുടെയും സഭാമക്കളുടെയും 99% നന്മകളെ തമസ്കരിച്ച് 1% കുറവിനെ പെരുപ്പിച്ചുകാട്ടുന്നതിലെ അനീതി തിരിച്ചറിഞ്ഞ് നാം അംഗങ്ങളായിരിക്കുന്ന പരിശുദ്ധ കത്തോലിക്കാസഭയുടെ വിശുദ്ധിയിലും നന്മയിലും നമുക്ക് അഭിമാനമുള്ളവരാകാം.



# അമ്മേ പ്രണാമം

**ബാബു പേണ്ടാനം**
**നീലൂർ**

മാലാഖമാരുമൊത്തുന്നതത്തിൽ വാഴും
അരുമ മനോഹരി മേരി
ഊഴിയിലേഴകൾ ഞങ്ങൾ വിളിക്കുമ്പോൾ
ചാരത്തണയുന്നൊരത്ഭുതമേ!

ദിവ്യകുമാരനായുള്ളിൽ മനോഹര
സക്രാരിയായവൾ നീയേ
ആ ദിവ്യനാഥനു തായയായ് തീരുവാൻ
ഊഴിയിൽ ജന്മമെടുത്തവളേ

ഒരു ദിനമെങ്കിലുമവിടുത്തെ നാമം
ഉരിയാടാത്തവരില്ലിവിടെ
ഒരു ജന്മത്തൊരിക്കലുമാ ദിവ്യസ്നേഹം
ആസ്വദിക്കാത്തവരാരുമില്ല

ജപമാല ചൊല്ലി ഞാനങ്ങേ സ്മരിക്കവെ
നീയെന്നരികിലായ് വന്നണയും
ആധിയുമൊരുപാടു വ്യാധിയും നീക്കിയെൻ
അകതാരിലാനന്ദമാകുമല്ലോ.

എത്രയും ദയയുള്ള നാഥയാമംബികേ
കനിവിന്റെ കേദാരമായവളേ
ആശയാർന്നവിടുത്തെ ചാരത്തണയുന്നു
മക്കളാം ഞങ്ങളിൽ കനിയേണമേ.

നിൻ തിരുസുതനോടു ചോദിച്ചു വാങ്ങി നീ
കാരുണ്യവർഷം നിൻ സുതർക്കായ്
പാപികൾ ഞങ്ങൾക്കായെന്നും തുടിക്കുന്ന
ആ തിരുഹൃദയത്തിനെൻ പ്രണാമം





# കൈകൾ കോർത്തു മുന്നേറാം

അമ്മിണിചേച്ചിയെ കണ്ടുമുട്ടിയത് ആശുപത്രിസന്ദർശനവേളയിലാണ്. സാമ്പത്തികദൗർലഭ്യം വെളിവാക്കുന്ന വേഷവിധാനങ്ങൾ... രോഗത്തിന്റെ ദൈന്യത വെളിപ്പെടുന്ന മുഖഭാവം. ഹിന്ദുമതവിശ്വാസിയായി ജനിച്ചുവളർന്ന അമ്മിണിച്ചേച്ചി ചെറുപ്രായത്തിൽത്തന്നെ വിവാഹിതയായി. ഭർത്താവും രണ്ടു പെൺമക്കളുമൊക്കെയായി അല്ലലില്ലാതെ നയിച്ചിരുന്ന അവരുടെ ജീവിതം കണ്ണീരിലാഴ്ന്നത് ഭർത്താവിന്റെ മരണശേഷമാണ്. ഇളയകുട്ടിക്ക് അഞ്ചു വയസ്സുള്ളപ്പോഴായിരുന്നു ഭർത്താവിന്റെ അപ്രതീക്ഷിതമരണം. അതുവരെ വീട്ടുകാര്യങ്ങൾമാത്രം നോക്കിയിരുന്ന അമ്മിണിച്ചേച്ചി വീടു പുലർത്തുവാൻ കിട്ടുന്ന പണികളെല്ലാം ചെയ്യാൻ തുടങ്ങി. മൂത്ത മകളുടെ വിവാഹം പലരുടെയും സഹായത്താൽ നടത്തി. ഇപ്പോൾ അനാരോഗ്യംമൂലം പണികൾ ചെയ്യാനാവാത്ത അമ്മിണിച്ചേച്ചിയുടെ കുടുംബം കഴിയുന്നത് ഇളയകുട്ടി സെയിൽസ്ഗേളായി ജോലി ചെയ്തു ലഭിക്കുന്ന തുച്ഛവരുമാനംകൊണ്ടാണ്.

ഒരു പെന്തക്കോസ്റ്റൽ സഭയുടെ പ്രേരണമൂലം ഏതാനും വർഷങ്ങൾക്കുമുമ്പ് ഈശോയിലുള്ള വിശ്വാസത്തിലേക്കു കടന്നുവന്ന അവർ ഇന്നും ഞായറാഴ്ചതോറുമുള്ള അവരുടെ ആരാധനയിൽ പങ്കുചേരുന്നു. സാമ്പത്തികലക്ഷ്യമോ മറ്റേതെങ്കിലും വിധത്തിലുള്ള നേട്ടങ്ങളോ മുമ്പിൽ കണ്ടുകൊണ്ടാണോ ഈശോയിലുള്ള വിശ്വാസത്തിലേക്കു കടന്നുവന്നത് എന്ന ചോദ്യത്തിന് അമ്മിണിച്ചേച്ചി നല്കിയ ഉത്തരം ചിന്തിപ്പിക്കത്തക്കതായിരുന്നു.

“എന്റെ സഭയിൽനിന്ന് സാമ്പത്തികസഹായമൊന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. എന്നാൽ ഏതെങ്കിലുമൊരു ഞായറാഴ്ച ആരാധനയ്ക്ക് എന്നെ കാണാതിരുന്നാൽ എന്റെ സഭയിലുള്ള ആരെങ്കിലുമൊക്കെ എന്നെ അന്വേഷിച്ചുവരും. എനിക്കിപ്പോൾ ആരൊക്കെയോ ഉണ്ട്, ഞാനൊറ്റയ്ക്കല്ല എന്ന ഉറപ്പ് എനിക്കുണ്ട്. വിശ്വാസത്തിലേക്കു വന്നതിനാൽ എനിക്കവരെല്ലാവരുമുണ്ട്. യേശുവിലുള്ള വിശ്വാസത്തിൽനിന്നും ഞാനിനി മാറില്ല”.

കത്തോലിക്കാസഭയിൽ അന്യംനിന്നുകൊണ്ടിരിക്കുന്ന പരസ്പരസ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും യഥാർത്ഥ കൂട്ടായ്മയുടെയും ചിന്തകളാണ് ഈ സഹോദരിയുടെ വാക്കുകൾ മനസ്സിലുണർത്തിയത്. ആനുകാലികസഭയുടെ പോരായ്മകളിൽനിന്നും ആദിമസഭയുടെ ചൈതന്യത്തിലേക്ക് നാം തിരിച്ചുപോകേണ്ടിയിരിക്കുന്നു. ആദിമസഭയുടെ ജീവിതത്തെപ്പറ്റി ചുരുങ്ങിയ വാക്കുകളിൽ ശ്ലീഹന്മാരുടെ നടപടിഗ്രന്ഥം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു" (4,32); "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. ... അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു" (നട 2,44-47).

ചെറിയ സമൂഹങ്ങളിലെ കൂട്ടായ്മ വളർത്തുവാനും നിലനിർത്തുവാനും തീർച്ചയായും എളുപ്പമുണ്ട്. എന്നാൽ അതിർത്തികൾ വിശാലമാകുകയും മനോഭാവങ്ങൾ സങ്കുചിതമാകുകയും ചെയ്തപ്പോഴാണ് ഈശോയുടെ അനുയായികൾക്കു ഭൂഷണമാകേണ്ട പല മൂല്യങ്ങൾക്കും ശോഷണം സംഭവിച്ചത്. ഇന്നോളമുള്ള വളർച്ചയുടെ പാതയിൽ കൈമോശം വന്നുപോയ ജീവിതമൂല്യങ്ങൾ നമുക്കു തിരികെപ്പിടിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഇടവകകളിൽ കൂട്ടായ്മ വർദ്ധിപ്പിക്കാൻ ആവിഷ്കരിച്ചിരിക്കുന്ന യാഥാർത്ഥ്യങ്ങളോട് നമുക്ക് കൂടുതൽ ഉൾച്ചേരാം. സജീവമായ, അർത്ഥവത്തായ, കുടുംബക്കൂട്ടായ്മകൾ ഇതിന് നല്ലൊരു മാർഗ്ഗമാണ്. നമുക്കു ചുറ്റുമുള്ള കുടുംബങ്ങളെക്കുറിച്ച് സാമാന്യമായ ഒരു അറിവ് നമുക്കുണ്ടാവണം. ആ അറിവ് അവരെ അകറ്റിനിർത്തുന്നതിനല്ല; അവരുടെ ആവശ്യങ്ങളിൽ ഒരു കരുതലുണ്ടാവേണ്ടതിനാണ്. സ്വന്തം വാഹനത്തിൽ പള്ളിയിലെത്തി, എവിടെയെങ്കിലും നിന്ന് എങ്ങനെയെങ്കിലും കർമ്മങ്ങൾ കണ്ട് കടമ തീർത്ത് എത്രയും വേഗം സ്വന്തം കാര്യങ്ങൾക്കു വേണ്ടി നെട്ടോടമോടുന്നവർ, ഇടവക ഒരു കുടുംബമാണെന്ന കാര്യം മറന്നുപോകുന്നു. സ്നേഹത്തിലൊന്നായ ഇടവകാംഗങ്ങൾ ഒരേ മനസ്സോടെ അൾത്താരയ്ക്കുമുമ്പിലണഞ്ഞ്, മിശിഹായുടെ ബലിയോടുചേർത്ത് തങ്ങളുടെ ജീവിതബലിയർപ്പിക്കുമ്പോഴാണ് അത് കൂടുതൽ അർത്ഥവത്തായി മാറുന്നത്.

ഒന്നിച്ചിരുന്ന് സൗഹൃദം പങ്കുവയ്ക്കുന്ന കാഴ്ചകൾ ഇന്ന് വളരെ വിരളമാണ്. എന്നും ഒരേ സ്ഥലത്തേക്കു യാത്ര ചെയ്യുന്നവരും ഒന്നിച്ചു ജോലി ചെയ്യുന്നവരും, എന്തിനേറെ, സ്വന്തം കുടുംബാംഗങ്ങൾപോലും അപരിചിതരായിത്തീരത്തക്കവിധം ബന്ധങ്ങളിൽ വിള്ളലുകൾ സംഭവിക്കുന്നു. ആധുനിക സോഷ്യൽ മീഡിയായിൽമാത്രം മുഖം താഴ്ത്തിയിരിക്കാതെ ചാരത്തിരിക്കുന്നവന്റെ മുഖത്തു നോക്കി പുഞ്ചിരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കൈത്താക്കാലം സഭയുടെ വളർച്ചയെക്കുറിച്ചു ധ്യാനിക്കുന്ന കാലഘട്ടമാണല്ലോ. ഓരോ വ്യക്തിയുടെയും കുടുംബത്തിന്റെയും സമഗ്രമായ വളർച്ചയാണ് തിരുസഭയുടെ വളർച്ചയാകുന്നത്. സഭാമക്കളുടെ തളർച്ച സഭയുടെ തളർച്ചയാണ്. ജീവിതത്തിന്റെ വഴിവക്കുകളിൽ പലപ്പോഴായി ഉപേക്ഷിച്ചുപോയ നന്മകൾ തിരിച്ചെടുക്കാൻ തമ്പുരാന്റെ കൈപിടിച്ചൊരു മടക്കയാത്ര നമുക്കു നടത്താം. സ്വാർത്ഥതയുടെ മതിൽക്കെട്ടുകൾ പൊളിച്ച് സ്നേഹത്തിന്റെയും സഹകരണത്തിന്റെയും മനോഭാവത്തോടെ കൈകൾ കോർത്തു മുന്നേറാൻ നമുക്കു പരിശ്രമിക്കാം.

**ഷിനി തെരേസ് മുതുപ്ലാക്കൽ**

## Spirituality Centre Programme

**August**

| | |
|---|---|
| 03 | Social Animators' Meet |
| 04-09 | Liturgical Retreat |
| 10 | School of Bible |
| 14 | Bible Study Forum |
| 13-14 | Cenacle Gathering (Sodales & Aspirants) |
| 17 | Recollection for Oblates |



# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,


ശ്ലീഹന്മാരുടെ മിശിഹാനുഭവ കൈമാറ്റത്തിലൂടെ രൂപംകൊണ്ട സഭയുടെ വളർച്ചയും സഭാജീവിതവും പ്രത്യേകം അനുസ്മരിക്കുന്ന കാലഘട്ടമാണല്ലോ 'കൈത്താക്കാലം'. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയിലുള്ള വിശ്വാസം നാം എല്ലാ പരിശുദ്ധ കുർബാനയർപ്പണത്തിലും ഏറ്റുപറയുന്നതുമാണ്. അവൾ പരിശുദ്ധയാണെന്നുള്ളത് സെനക്കിൾ ആദ്ധ്യാത്മികത ജീവിക്കുന്ന നമുക്ക് അഭിമാനവും സന്തോഷവും പ്രദാനംചെയ്യുന്ന ഒരു വസ്തുതയുമാണ്. അടുത്ത കാലത്തുണ്ടായ ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഭയുടെ പരിശുദ്ധിയെ ചിലരെല്ലാം ചോദ്യം ചെയ്യുന്ന പശ്ചാത്തലത്തിൽ, അവളുടെ പരിശുദ്ധിയെ ഉയർത്തിക്കാട്ടുവാൻ നമുക്കു പ്രത്യേകമായ കടമയുണ്ട്. സഭ പരിശുദ്ധയായിരിക്കുന്നത് സഭയെ സഭയാക്കുന്നവൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ടാണ്. ദൈവത്തിന്റെ പരിശുദ്ധനായ മിശിഹായുടെ ആത്മാവിനാൽ ജീവിക്കുന്ന മിശിഹായുടെ ശരീരമാണ് സഭ. സഭാംഗങ്ങളെല്ലാവരും ഈ ശരീരത്തിന്റെ അവയവങ്ങളും (1 കൊറി 12,12-13). അതുകൊണ്ട് സഭയുടെ പരിശുദ്ധിക്ക് ഒരു മാറ്റവും ഒരിക്കലും സംഭവിക്കുന്നില്ല; സംഭവിക്കുകയുമില്ല. അതു ലോകത്തിനു കാണിച്ചുകൊടുക്കുവാൻ തക്കവിധം സഭാജീവിതം നയിക്കുവാനും സഭാജീവിതത്തെ പരിപോഷിപ്പിക്കുവാനും നമ്മെ ദൈവം അനുഗ്രഹിക്കട്ടെ!

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ഇന്ത്യൻ നേഷനിലെ 'അപ്പസ്തോലിക് സൊദാലെസ്' സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷികസമ്മേളനം 2019 ജൂലൈ 9-10 തീയതികളിൽ, മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിലെ മാർ സ്ലീവാ മല്പാനേറ്റിൽവച്ചു നടന്നു. 9-ാം തീയതി ഏകദിന ധ്യാനമായിട്ടാണ് സമ്മേളനം നടത്തിയത്. "Identity of Apostolic Sodales", "Characteristics of the Cenacle Spirituality" എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ധ്യാനം നയിച്ചത് ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചനാണ്. സന്നിഹിതരായിരുന്ന അംഗങ്ങളെല്ലാവരും ഇൻസ്റ്റിറ്റ്യൂട്ടിലുള്ള അവരുടെ സമർപ്പണം നവീകരിക്കുകയും ചെയ്തു. 10-ാം തീയതി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് തീരുമാനങ്ങളെടുക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# അനീതി താണ്ഡവമാടുമ്പോൾ

റവ. ഡോ. ജേക്കബ് കോയിപ്പള്ളി
ചങ്ങനാശ്ശേരി അതിരൂപത

**ഏ**താനും ദിവസങ്ങൾക്കുമുമ്പ് ചങ്ങനാശ്ശേരി അതിരൂപതയുടെ മിഷൻസ്ഥലങ്ങളായ ഇറ്റാവാ, ജയ്പൂർ എന്നിവിടങ്ങളിലേക്ക് ഒരു സന്ദർശനം നടത്തി. വളരെ അർപ്പണബോധത്തോടെ അവിടെ സേവനമനുഷ്ഠിക്കുന്ന വൈദികരെയും സന്ന്യാസി-സന്ന്യാസിനികളെയും അൽമായ സഹോദരങ്ങളെയും കണ്ടു.

ഇറ്റാവയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിലാണ് മിഷനുവേണ്ടിയുള്ള മൈനർ സെമിനാരി. ഈ ഗ്രാമത്തിൽ ഏതാണ്ട് 88 വീടുകളാണുള്ളത്. 88 വീടുകളിൽ ശൗചാലയങ്ങളുള്ളത് രണ്ടു വീടുകളിൽ മാത്രമാണ്. 86 വീടുകളിലെയും ആളുകൾ വഴിവക്കുകളിലും കൃഷിസ്ഥലങ്ങളിലും മറ്റു വെളിമ്പ്രദേശങ്ങളിലുമൊക്കെയാണ് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുക. ഈ ഗ്രാമത്തിന്റെ അവസ്ഥതന്നെയാണ് മറ്റു ഗ്രാമങ്ങളിലുമുള്ളത്. മേൽപ്പറഞ്ഞ ഗ്രാമത്തോടു ചേർന്നുതന്നെയാണ് യൂറോപ്യൻ നിലവാരത്തിലുള്ള 6 വരി പാതയിലൂടെ വാഹനങ്ങൾ ചീറിപ്പായുന്നത്. കുട്ടികൾ സ്കൂളിൽ പോവാത്ത, ഇനി പോയാൽത്തന്നെ വിളവെടുപ്പു കാലമാകുമ്പോൾ കൃഷിസ്ഥലങ്ങളിലേക്കു പോകുന്ന അവസ്ഥ. വിളവെടുപ്പു കഴിഞ്ഞേ അവർ സ്കൂളുകളിലേക്ക് തിരിച്ചെത്തൂ.

വഴികളിലെ കാഴ്ചകളിൽ ഏറ്റവും ദുഃഖപൂർണമായത്, മനുഷ്യരെക്കാളും വാഹനങ്ങളെക്കാളും കൂടുതൽ കാണുന്നത് അഴിഞ്ഞു നടക്കുന്ന കന്നുകാലികളെയാണെന്നതാണ്. പശുക്കളെ അമ്മയെന്നു വിളിച്ച് ആദരിക്കുന്ന രാഷ്ട്രീയപ്രസ്ഥാനം, പശുക്കളെ സംരക്ഷിക്കാൻ വലിയ ഗോശാലകൾ നിർമ്മിച്ചിട്ടുണ്ട്. ഏതെങ്കിലും വാഹനം പശുവിനെ തട്ടിയാൽ പിന്നെ ആ വാഹനം ഓടിച്ചവന്റെ കാര്യം കഷ്ടമാണ്. വാഹനവും നശിപ്പിക്കപ്പെടും. രാഷ്ട്രീയ കസർത്തുകാർ ജനങ്ങളെ അടിമകളാക്കുന്ന, അവരുടെ സുസ്ഥിരമായ വിദ്യാഭ്യാസത്തെ തകർക്കുന്ന, ദയനീയമായ കാഴ്ചയാണ് നാമവിടെ കാണുക.

നാം ജീവിക്കുന്ന ഇന്ത്യയിലെ വളരെ പ്രസിദ്ധമായ ആഗ്ര എന്ന പട്ടണത്തിൽനിന്ന് 100 കിലോമീറ്റർ അകലെയുള്ള ഗ്രാമത്തിന്റെ അവസ്ഥയാണ് ഞാൻ നിങ്ങളോടു പങ്കുവച്ചത്.

ഈ ദിവസങ്ങളിലെ പത്രവാർത്തകൾ നമ്മുടെ നാട്ടിൽ നടക്കുന്ന അനീതിയും നമ്മുടെ മുമ്പിലേക്കു കൊണ്ടുവന്നു. ആയിരക്കണക്കിനു യുവജനങ്ങൾ ഏറെ പേജുകളുള്ള പുസ്തകങ്ങൾ അരച്ചുകലക്കിക്കുടിച്ച് കഷ്ടപ്പെട്ടു പരീക്ഷയെഴുതുമ്പോൾ, കയ്യിൽ പേനാക്കത്തിയും തലയിൽ പ്രസ്ഥാനത്തിന്റെ കിരീടവുമണിഞ്ഞ് സകല തരികിട പരിപാടികളും നടത്തുന്നവർ പി. എസ്. സി. പരീക്ഷയിൽ ഒന്നാം റാങ്കു നേടുന്നു! കഷ്ടപ്പെട്ടു പഠിക്കുന്നവർ അർഹമായ തലങ്ങളിലേക്ക് എത്തുന്നതേയില്ല. ഇനി മേൽപ്പറഞ്ഞവർ ഒന്നാം റാങ്കു നേടിയതോ "പോലീസാകാൻ"!

ഇതൊക്കെയാണ് നമ്മുടെ നാടിന്റെ അവസ്ഥ. ഈ അവസ്ഥയെയാണ് ധാർമ്മിക അധഃപതനം എന്നു വിളിക്കുന്നത്. സഭ യഥാർത്ഥത്തിൽ പ്രവാചകശബ്ദം ഉയർത്തേണ്ട കാലമാണിത്. എന്നാൽ നിർഭാഗ്യവശാൽ സഭയുടെ സ്വരവും മങ്ങിയിരിക്കുന്നു. നാലു ചുമരുകൾക്കുള്ളിൽ ഭിന്നത വിരിഞ്ഞു നില്ക്കുമ്പോൾ നമ്മുടെ പ്രവാചകദൗത്യവും മിഷനറിതീക്ഷ്ണതയും നഷ്ടമാകുന്നു. ഒന്നും തിരിച്ചറിയാനാവാത്ത പാവപ്പെട്ട ഗ്രാമവാസികൾക്കു സ്വരമാകാനുള്ള വിളിയിൽനിന്നും ഓടിയൊളിക്കാതിരിക്കാം. നാട്ടിലെ അനീതികൾക്കിടയിൽ സത്യത്തിനുവേണ്ടി നിലകൊള്ളാനും ശബ്ദിക്കാനും സഹിക്കാനും കഴിയുംവിധം ആത്മവിശുദ്ധീകരണം പ്രാപിക്കാം. സമയം ഏറെയില്ല! ജാഗ്രതയുള്ള പ്രവാചകരായി സുവിശേഷം നല്കുന്ന സ്വാതന്ത്ര്യം എല്ലാവർക്കുമായി പങ്കുവയ്ക്കാം.





# നിറയെ ഫലമേകാം

സ്റ്റെഫി മംഗലത്തുകുന്നേൽ

**നി**ങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനുംവേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു (യോഹ 15,16). രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ട സഭാതരു ഫലം പുറപ്പെടുവിക്കുന്നതിനെക്കുറിച്ചാണല്ലോ ഈ ഫലാഗമകാലത്തിൽ നാം ധ്യാനിക്കുന്നത്. സഭ എന്നത് നാമോരോരുത്തരുമാണ്. നാം പുറപ്പെടുവിക്കുന്ന ഫലങ്ങളാണ് സഭയുടെ ഫലങ്ങളും. അതുകൊണ്ട് നാം സ്വീകരിച്ച വിശ്വാസത്തിനനുസൃതം യഥാർത്ഥ ഫലം പുറപ്പെടുവിക്കുവാൻ നമുക്കു കടമയുണ്ട്. മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരാണു നാം. ആയതിനാൽ ക്രിസ്ത്യാനികളെന്ന നിലയ്ക്ക് പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നമ്മിൽ നിറഞ്ഞു കവിയേണ്ടതുണ്ട്. അനുദിനജീവിതസാഹചര്യങ്ങളിൽ ക്രൈസ്തവർക്കടുത്ത ജീവിതം നയിച്ചുകൊണ്ട് നമുക്ക് ഈ ഫലങ്ങൾ പുറപ്പെടുവിക്കാം.

നമ്മുടെ കുടുംബങ്ങളിൽ, നാം ജോലി ചെയ്യുന്ന സാഹചര്യങ്ങളിൽ, നാം ആയിരിക്കുന്ന ഇടങ്ങളിലൊക്കെ ഈ ഫലങ്ങൾ നാം പുറപ്പെടുവിക്കണം. ഒരു കുടുംബത്തിൽ ആത്മാവിന്റെ ഫലങ്ങൾ എങ്ങനെയാണു നാം പുറപ്പെടുവിക്കുക? പരസ്പരം വിട്ടുകൊടുത്തും മനസ്സിലാക്കിയും അംഗീകരിച്ചും ജീവിച്ചാൽ ഇതു വളരെ എളുപ്പത്തിൽ സാധ്യമാണ്. ഞാനല്ല, അവരാണ് മാറേണ്ടത് എന്ന ചിന്താരീതി ആദ്യം ഉപേക്ഷിക്കണം. സ്നേഹിക്കാനായി ദൈവം തന്നവരെ ഹൃദയംകൊണ്ടു സ്നേഹിക്കണം. മാതാപിതാക്കളെ, മക്കളെ, മരുമക്കളെ, സഹോദരങ്ങളെ, അയൽക്കാരെ... ഇവരിലാരോടെങ്കിലുമുള്ള സ്നേഹത്തിനു കുറവുവരുത്തിയാൽ നാം യഥാകാലം ഫലം പുറപ്പെടുവിക്കാത്തവരാകും. അവർ ഏതു രീതിയിലും പെരുമാറിക്കൊള്ളട്ടെ, എങ്ങനെയും സ്നേഹിക്കട്ടെ, നമുക്കു ക്ഷമിക്കാം. മനസ്സിലാക്കാനാവാത്ത അനുഭവങ്ങളെ, ഉൾക്കൊള്ളാനാവാത്ത സാഹചര്യങ്ങളെ, ക്ഷമിക്കാൻ പറ്റാത്ത വ്യക്തികളെ, മറക്കാനാവാത്ത സംഭവങ്ങളെ എല്ലാം ദിവ്യബലിയിൽ നമ്മുടെ കാഴ്ചകളായി അർപ്പിച്ച്, "പിതാവേ അവരോടു ക്ഷമിക്കണമേ" എന്നു പ്രാർത്ഥിക്കാം. ദൈവത്തിന് അസാദ്ധ്യമായി യാതൊന്നുമില്ലല്ലോ. മറിച്ച് ഇവയൊക്കെയും നമ്മുടെ ജീവിതത്തിലുണ്ടാകണമെന്നതു ദൈവഹിതമാണെങ്കിൽ പരാതികൂടാതെ, സന്തോഷത്തോടെ, അവയെ സ്വീകരിക്കുവാനുള്ള കൃപ ലഭിക്കുവാനായി പ്രാർത്ഥിക്കാം.



സഹനം എപ്പോഴും രക്ഷാകരമാണ്. ഈശോയുടെ സഹനമരണോത്ഥാനങ്ങളാണല്ലോ മനുഷ്യകുലത്തെ രക്ഷിച്ചത്. ആയതിനാൽ നമ്മുടെ സഹനങ്ങളെ ഈശോയുടെ സഹനത്തോടു ചേർത്തുവച്ച് നമുക്കു സ്വീകരിക്കാം. ജീവിതയാത്രയിൽ നാം തനിച്ചല്ല. "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല" (യോഹ 14,18) എന്നു പറഞ്ഞ രക്ഷകന് നമ്മെ തനിയെ വിടാൻ സാധിക്കുകയില്ല. നല്ലവനായ ദൈവത്തിന്റെ കരം പിടിച്ച് നമുക്കു നന്മ പ്രവർത്തിക്കാം. എല്ലാവർക്കും നന്മ ചെയ്യുന്ന, മറ്റുള്ളവരുടെ നന്മമാത്രം ആഗ്രഹിക്കുന്ന വിശുദ്ധരായ വ്യക്തികളാകാം. നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പിൽ, നിറയെ ഫലം ചൂടിനില്ക്കുന്ന വൃക്ഷങ്ങളാകാം.

ഒരു വൃക്ഷവും തന്റെതന്നെ ഫലം ആസ്വദിക്കുന്നില്ല. മണ്ണിൽനിന്നും വലിച്ചെടുക്കുന്ന ജലവും ലവണങ്ങളും സ്വീകരിച്ച് അത് ഫലം പുറപ്പെടുവിക്കുന്നു. കൊടും വെയിലത്തു നില്ക്കുന്ന വൃക്ഷത്തിന്റെ തണലനുഭവിക്കുന്നതും ഫലമാസ്വദിക്കുന്നതും മറ്റുള്ളവരാണ്. കല്ലെറിയപ്പെട്ടാലും വെട്ടിയൊരുക്കപ്പെട്ടാലും വൃക്ഷം മാധുര്യമേറിയ ഫലങ്ങൾതന്നെ നല്കും. പരാതികൂടാതെയുള്ള നമ്മുടെ ജീവിതവും ഇപ്രകാരം ദൈവാനുഗ്രഹപ്രദവും മറ്റുള്ളവർക്ക് അനുഗ്രഹവുമായിത്തീരട്ടെ.

**ഒരു വൃക്ഷവും തന്റെതന്നെ ഫലം ആസ്വദിക്കുന്നില്ല. കൊടും വെയിലത്തു നില്ക്കുന്ന വൃക്ഷത്തിന്റെ തണലനുഭവിക്കുന്നതും ഫലമാസ്വദിക്കുന്നതും മറ്റുള്ളവരാണ്. കല്ലെറിയപ്പെട്ടാലും വെട്ടിയൊരുക്കപ്പെട്ടാലും വൃക്ഷം മാധുര്യമേറിയ ഫലങ്ങൾതന്നെ നല്കും.**

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# ആനന്ദസാഗരം

സീലിയ മുണ്ടക്കയം

കരുണതൻ കരുതലാം സ്നേഹനാഥാ
നിന്നെ ഞാനറിയുന്നു മിഴിനീരോടെ
തകരുമെൻ ഹൃത്തിൽ ജീവന്റെ വചനമായ്
നിൻ സ്നേഹം നിറഞ്ഞിടുമ്പോൾ
അറിയാതെയുരുകുന്നു എന്നുള്ളിനുള്ളം
പഴിക്കുന്നു ഞാനിന്നാ നാളുകളെ
നിന്നെയറിയാതെ നടന്നതാം വഴികളെ
നിന്നിലെ വെളിച്ചമെൻ വീഥികളിൽ
പ്രകാശമായ് വിളങ്ങിടട്ടെ
ആ ആനന്ദസാഗരത്തിരകളിൽ
ഞാനൊഴുകട്ടെ ഒരു ജലകണമായ്
നിഴലിലും നിനവിലും തണലായി
നിൻ ദിവ്യസ്നേഹംമാത്രംമതി നാഥാ
നീ മാത്രമാണെൻ ആശ്വാസം
നീ മാത്രമാണെൻ പ്രത്യാശ





# എന്റെ കുമ്പസാരാനുഭവം



ദേവി മേനോൻ (റോസ് മരിയ)

നമ്മുടെ കുടുംബത്തോടുചേർന്നു പോകാൻ, കുടുംബാംഗങ്ങളെ അധികമായി സ്നേഹിക്കാൻ, ഹൃദയത്തിൽ ചേർത്തുവച്ച് സൂക്ഷ്മതയോടെ പാലിക്കുന്ന ചില അലിഖിത നിയമങ്ങളും ജീവിതചര്യകളുമുണ്ട്. നമ്മുടെ മനോ ധർമ്മമാണ്, മനസ്സിന്റെ ന്യായമാണ് അതിന് ആധാരം.

ഓരോ ക്രിസ്ത്യാനിയും തിരുസ്സഭ എന്ന കുടുംബത്തിലെ അംഗങ്ങളാണ്. ഈശോ എന്ന ശിരസ്സിനോടു ചേർന്നുനില്ക്കുന്ന അംഗങ്ങൾ. ഈ അംഗങ്ങൾക്ക് ഒരേയൊരു ലക്ഷ്യമേയുള്ളു. ദൈവോന്മുഖരായി ജീവിക്കുക. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ഈശോ കാണിച്ചുതന്ന മാതൃകയ നുസരിച്ച്, നന്മയിൽ ജീവിച്ച്, ഈശോയിൽ ഒന്നാ വുക; തമ്പുരാന്റെ പത്തു കല്പനകൾ അനുസരിച്ചു ജീവിക്കുക; തിരുവചന ത്തിനു സാക്ഷിയായി നമ്മുടെ ജീവി തത്തെ രൂപാന്തരപ്പെടുത്തുക.

പ്രവേശകകൂദാശകളിലൂടെ തിരുസ്സ ഭാകുടുംബത്തിലെ അംഗമാകുമ്പോൾ സഭാമാതാവ് നമ്മെ ഏല്പിക്കുന്ന ഒരു ദൗത്യമുണ്ട് – ഓരോരുത്തരും മറ്റൊരു മിശി ഹായായി തീരുക എന്ന ദൗത്യം. അതി നുള്ള പ്രയാണമാണ് പിന്നീടുള്ള നമ്മുടെ ജീവിതം മുഴുവനും. ആ തീർത്ഥാടനം ശോഭനമാക്കി തീർക്കാനുള്ള മാർഗ്ഗനിർദ്ദേ ശങ്ങളാണ് വിശുദ്ധ ബൈബിളിൽ അടങ്ങി യിരിക്കുന്നത്.

പലപ്പോഴും ജീവിതസാഹചര്യങ്ങൾ (മടി, രോഗാവസ്ഥ, തിന്മയുടെ പ്രേരണ) കൊണ്ടും ചുറ്റുപാടുകൾ (ബന്ധങ്ങൾക്കോ, സ്ഥാനങ്ങൾക്കോ, സമ്പത്തിനോ കൊടുക്കുന്ന അമിതപ്രാധാന്യം) കൊണ്ടും നാം ഈ യാത്രയിൽ പതറുകയോ തളരുകയോ വീഴുകയോ വഴി മാറിപ്പോകുകയോ ചെയ്യും. തത്ഫലമായുണ്ടാകുന്ന ആത്മീയ-മാനസികമുറിവുകൾ പഴുത്തു വ്രണമാകാതെ, കഴുകി കുളിപ്പിച്ചു വിശുദ്ധിയുടെ കുളിർമ്മയേകി, പരമപരിശുദ്ധനായ ഈശോയിൽ ഒന്നായിച്ചേരുന്ന തിരുക്കർമ്മമായ പരിശുദ്ധ കുർബാനയ്ക്ക് ഒരുക്കുന്ന ശുദ്ധീകരണകർമ്മമാണ് കുമ്പസാരം എന്ന കൂദാശ.

തിരുസ്സഭയിലെ പ്രവേശകകൂദാശകളിലൂടെ ഈശോ എന്നെ സ്വന്തമാക്കിയത് 2015 ജനുവരി ഒന്നിനാണ്. പരിശുദ്ധ കുർബാന എന്നെ ഈശോയിലേക്ക് അടുപ്പിച്ച ഒരു സുപ്രധാനഘടകം ആയതുകൊണ്ട് ആശങ്കകളോ സംശയങ്ങളോ ഒന്നുമില്ലായിരുന്നു. പക്ഷേ, കുമ്പസാരം ചെറുതായി ആകുലപ്പെടുത്തി എന്നുതന്നെ പറയണം. മടിച്ചുമടിച്ചു കുമ്പസാരക്കൂട്ടിലെ വൈദികനുമുമ്പിൽ മുട്ടുകുത്തിയ ഞാൻ കുറച്ചുനേരം കഴിഞ്ഞ് ആശീർവാദം സ്വീകരിച്ച് എഴുന്നേറ്റത് അതുവരെ അനുഭവിക്കാത്ത ഒരു പ്രത്യേക സമാധാനത്തിന്റെ കുളിർമ്മയോടെയായിരുന്നു. പൊതുവേ ഇതരമതസ്ഥരായ സഹോദരങ്ങളുടെ ധാരണ ഒരു ക്രിസ്ത്യാനിയുടെ ലൈംഗിക അധാർമ്മികജീവിതത്തിന്റെ ഏറ്റുപറച്ചിലാണ് കുമ്പസാരം എന്നാണ്. ഒരു പരിധിവരെ സിനിമ, കോമഡി ഷോകൾ തുടങ്ങിയവയാണ് അതിനുത്തരവാദികൾ. ചില ക്രൈസ്തവനാമധാരികൾക്കും അതിൽ പങ്കുണ്ട്. മറ്റൊരു വിശ്വാസത്തിൽനിന്നു വന്ന ഞാനും അങ്ങനെയൊക്കെയായിരുന്നു കരുതിയിരുന്നത്.



ഒരു ക്രിസ്ത്യാനി ആവാനുള്ള മുന്നൊരുക്കത്തിന്റെ പഠനത്തിലാണ് എന്താണ് കുമ്പസാരം എന്നു മനസ്സിലാക്കിയത്. മിശിഹായുടെ അനുയായി എന്ന ജീവിതാന്തസ്സിൽനിന്ന് ചിന്തയിലൂടെയും വാക്കിലൂടെയും പ്രവൃത്തിയിലൂടെയുമൊക്കെ വ്യതിചലിച്ച എല്ലാ നിമിഷങ്ങളുമാണ് കുമ്പസാരസമയത്ത് പങ്കുവയ്ക്കുന്നത്. ചെയ്യുവാൻ കഴിയുമായിരുന്നിട്ടും നന്മകൾ ചെയ്യാതെപോയത്, ചെയ്യേണ്ട കടമകൾ ചെയ്യാതിരുന്നത്, ഒഴിവാക്കേണ്ട തിന്മകൾ ചെയ്തത്, വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ മറ്റുള്ളവരെ ദ്രോഹിച്ചത്... ഇങ്ങനെ ദൈവത്തിന്റെ പത്തു കല്പനകൾക്കും തിരുസ്സഭയുടെ കല്പനകൾക്കും വിരുദ്ധമായ നമ്മുടെ ചിന്തകളുടെയും പ്രവൃത്തികളുടെയും ശുദ്ധീകരണമാണ് കുമ്പസാരത്തിൽ നടക്കുന്നത്. നമ്മിലുള്ള ദൈവാത്മാവിനോടും നമ്മുടെ സഹോദരങ്ങളോടുമുള്ള എല്ലാ പ്രവൃത്തികളിൽനിന്നും പിന്തിരിയാനുള്ള കൃപയാണ് കുമ്പസാരത്തിലൂടെ നമുക്കു ലഭിക്കുന്നത്.

ഈശോ സ്ഥാപിച്ച അനുരഞ്ജനകൂദാശയാണല്ലോ കുമ്പസാരം. ദൈവത്തോടും സഭയോടും സഹോദരങ്ങളോടും നമ്മെ അനുരഞ്ജനപ്പെടുത്തുന്ന കൂദാശ. പാപാവസ്ഥയിൽനിന്നും രോഗാവസ്ഥയിൽനിന്നും മോചിപ്പിച്ച് നമ്മെ സൗഖ്യപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന കൂദാശ. ആത്മീയ-ഭൗതിക ജീവിതത്തിലെ പിഴവുകൾ തിരിച്ചറിയാനും മനസ്തപിക്കാനും അവ ആവർത്തിക്കാതിരിക്കാനും നമ്മെ സഹായിക്കുന്ന കൂദാശ. മിശിഹായുടെ അനുയായി എന്ന നിലയിലേക്ക് നമ്മെ വീണ്ടും ഉയർത്തുന്ന കൂദാശ.

കുമ്പസാരത്തിലൂടെ വിശുദ്ധീകരിക്കപ്പെട്ട് ഒരുങ്ങിയാണ് നാം പരിശുദ്ധ കുർബാനസ്വീകരണത്തിന് യോഗ്യരാകുന്നത്. എങ്കിൽക്കൂടി, അതെത്രമാത്രം ആവശ്യകമാണെന്ന് നമ്മെ ഒരിക്കൽക്കൂടി ബോദ്ധ്യപ്പെടുത്തുന്നതാണ് പരിശുദ്ധ കുർബാനയിലെ ദൈവൈക്യശുശ്രൂഷയ്ക്കുമുമ്പുള്ള അനുരഞ്ജനശുശ്രൂഷ. നമ്മുടെ ജീവിതത്തിന് വിശുദ്ധിയുടെ കെട്ടുറപ്പു നല്കുന്ന കുമ്പസാരമെന്ന കൂദാശ മാറ്റിനിർത്തിയാൽ ദൈവാനുഭവം നമ്മിൽനിന്നും മാറിനില്ക്കും.

ക്രിസ്ത്യാനി ആയിട്ട് മൂന്നര വർഷമായി. പല സ്ഥലങ്ങളിൽ പല വൈദികരുടെ അടുത്ത് കുമ്പസാരിച്ചിട്ടുണ്ട്. പക്ഷേ ഒരനുഭവമേ ഉണ്ടായിട്ടുള്ളൂ... എന്റെ അനുതാപത്തിന്റെ ചൂടും കൈവയ്പുവഴി വൈദികനു ലഭിച്ച ദൈവകൃപയിൽനിന്നുള്ള ആശീർവാദവും ചേർന്ന് വിശുദ്ധിയുടെ തണുപ്പും ദൈവസ്നേഹത്തിന്റെ തീക്ഷ്ണതയും ആത്മാവിൽ ജ്വലിക്കുന്ന ദൈവാനുഭവം! ഈശോയോട് എത്രമാത്രം അടുക്കുന്നുവോ അത്രമാത്രം മനസ്താപത്തോടെ, വിശ്വസ്തതയോടെ നാം കുമ്പസാരിക്കും. അങ്ങനെയുള്ള കുമ്പസാരം നമ്മുടെ ജീവിതം അചിന്തനീയമാംവിധം മാറ്റി മറിക്കും.

ഓരോ കുമ്പസാരക്കൂടും നന്മയുടെ, സമാധാനത്തിന്റെ, വിശുദ്ധിയുടെ, ദൈവകൃപയുടെ കുടീരങ്ങളാണ്. കുമ്പസാരിക്കുന്നവരും കുമ്പസാരിപ്പിക്കുന്നവരും ഈശോയുടെ സഹനത്തിന് സ്വാർത്ഥതയുടെ വിലയിട്ട് ദൈവകൃപയ്ക്ക് മങ്ങലേല്പിക്കാതിരിക്കട്ടെ. എന്നെ വേദനിപ്പിക്കുന്നവരെയുംകൂടി എന്റെ ഹൃദയത്തോടു ചേർത്തുനിർത്താനും എന്റെ ആത്മീയജീവിതത്തിൽ ദൈവത്തോട് ആഴത്തിൽ ഐക്യപ്പെടാനും, പിഴവുകൾ തിരുത്തി എന്റെ ജീവിതം നന്മയിൽ നയിക്കാനും എനിക്കു സാധിക്കുന്നത് എന്റെ ഈശോ സ്ഥാപിച്ച അനുരഞ്ജനകൂദാശയിലൂടെയാണ്.

കുമ്പസാരത്തിലൂടെ ആത്മാവിനെ വിശുദ്ധീകരിച്ച് (1 കൊറി 11,28) പരിശുദ്ധ കുർബാനയിൽ പങ്കുചേർന്ന് നമുക്ക് ലോകരക്ഷകനെ ഹൃദയത്തിൽ സ്വീകരിക്കാം... പൂർണ്ണമായി ഈശോയുടേതായി തീരാം...

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ




**ബ്ലെസി ചേക്കയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്


**ഒന്നാം ദിവ്യരഹസ്യം:**
*സ്നേഹജീവിതം നയിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ദൈവം ഞങ്ങൾക്കു നല്കിയ വിളിക്കനുസൃതമായി ജീവിക്കുവാൻ, ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും അധിഷ്ഠിതമായ വിശുദ്ധജീവിതം നയിക്കാൻ, ആവശ്യമായ കൃപാവരത്തിനായി ഞങ്ങൾക്കായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**
*ദൈവഹിതത്തിനു വിധേയപ്പെട്ടു ജീവിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ബലഹീനതകളും കുറവുകളും ഏറെയുള്ള ഞങ്ങളുടെ ജീവിതത്തിൽ ഒരിക്കലും നിരാശരാകാതെ, പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കു വിധേയരായി ജീവിക്കുവാനുള്ള കൃപ ലഭിക്കുവാൻ ഞങ്ങൾക്കായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**
*തന്റെ തിരുക്കുമാരന്റെ നിഴലായി എന്നും ജീവിച്ച പരിശുദ്ധ മറിയത്തെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, അങ്ങേ തിരുക്കുമാരന്റെ തിരുരക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ട ഞങ്ങളോരോരുത്തരും മിശിഹായുടെ സാക്ഷികളായി ഓരോ നിമിഷവും ജീവിക്കുവാനുള്ള കൃപയ്ക്കായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


**നാലാം ദിവ്യരഹസ്യം:**
*സഹനങ്ങളെ സന്തോഷപൂർവം ഏറ്റെടുത്ത പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ജീവിതത്തിന്റെ കാൽവരിയനുഭവങ്ങളിലൂടെ കടന്നുപോകുന്ന നിമിഷങ്ങളിൽ, ആ അനുഭവങ്ങളോരോന്നും അങ്ങയുടെ പരിപാലനയുടെ കരങ്ങളിൽ സമർപ്പിച്ച്, ക്ഷമാപൂർവ്വം സ്വീകരിച്ച്, ഉത്ഥാനപ്രതീക്ഷയോടെ ജീവിക്കുന്നവരും അതു മറ്റുള്ളവർക്കു പകരുന്നവരുമാകുവാനുള്ള കൃപയ്ക്കായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**
*മറ്റുള്ളവരുടെ കാര്യങ്ങളിൽ ശ്രദ്ധയുള്ളവളായിരുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ഞങ്ങളുടെ ജീവിതത്തിലെ പാപപ്രവണതകളിലേക്കും രോഗപീഡകളിലേക്കും സഹനവേളകളിലേക്കും, അങ്ങയുടെ തിരുക്കുമാരന്റെ സൗഖ്യദായകമായ സ്പർശനത്തിനായി വിശ്വാസപൂർവ്വം നിലവിളിച്ചപേക്ഷിക്കാനുള്ള കൃപാവരത്തിനായി അമ്മ മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*





PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th July 2019

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"നന്മകൾ വിളയിക്കും
സത്യത്തിൻ മാർഗ്ഗം
നാം പിന്തുടരേണം
വിശ്വാസത്തിൻ ദീപവുമായ്
സ്നേഹത്തിൽ മുന്നേറീടാം
വിനയം വിജയം നല്കീടും
ക്ഷമയോ ശാന്തി പകർന്നരുളും
ത്യാഗത്തിൻ മാർഗ്ഗം ഫലമേകും"

(കൈത്താക്കാലം, വ്യാഴം - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal